Digital Film Makers' Forum 598/IV/2010

# Sankarayya Road Summer CHESS TOURNAMENT

## STATE LEVEL

1st Edition

**2024 April 28 Sunday**

**Jyothi Complex**
**Opp. SKVC Bus Stop**
**C. Achutha Menon Road, Thrissur**

Approved by: Chess Association Kerala- Below 1650

Journal Vol- 1

# കളപ്പുരയ്ക്കൽ വാസു...

## വാക്കുകൾക്കപ്പുറം സഞ്ചരിക്കുന്ന ആദരവും സ്നേഹവും:

പ്രൊഫ. എൻ.ആർ. അനിൽകുമാർ



### ചീഫ് ആർബിറ്റർ



പീറ്റർ ജോസഫ് എം
(ഇന്റർനാഷണൽ ആർബിറ്റർ)

### അഭിമുഖം

എ.പി. ജോഷി/ സതീഷ് കളത്തിൽ

### ലേഖനം

രാജി പാങ്ങിൽ
വർഗീസ് തോമസ്

### മിനിക്കഥ

അഭിതാ സുരേഷ്

### കവിത

സുരേഷ് നാരായണൻ
സതീഷ് കളത്തിൽ

### സ്മരണാഞ്ജലി




പ്രൊഫ. പി.കെ.ടി. രാജ
പ്രൊഫ. കെ.ബി. ഉണ്ണിത്താൻ




വി. സുന്ദർരാജ്, അശോകൻ. കെ.എം.




ടി.കെ. ജോസഫ്, ബാബുരാജ്. എ.ജി.

### ആദരണം




എം.എൻ. ശങ്കരനാരായണൻ
സി.കെ. ശ്രീകുമാർ

### വിശിഷ്ടാതിഥികൾ






An Annual Sports Periodical of SSCT

28-April-2024

# സ്റ്റേറ്റ് ലെവൽ ശങ്കരയ്യ റോഡ് സമ്മർ ചെസ്സ് ടൂർണമെന്റ്

ഡിജിറ്റൽ ഫിലിം മേക്കേഴ്സ് ഫോറം

SSCT Journal Vol- I




ശങ്കരയ്യ റോഡ് റെഡ് സ്റ്റാർ ക്ലബ് നടത്തി വന്നിരുന്ന. ജില്ലാതല പൂജാ ചെസ്സ് ടൂർണമെന്റ് ആറാം വർഷ കാഴ്ചകൾ- 1999




തൃശൂർ മുനിസിപ്പാലിറ്റി കാനാട്ടുക്കര വാർഡ് മെമ്പർ
പദ്മനാഭൻ ടൂർണമെന്റ് ഉദ്ഘാടനം ചെയ്യുന്നു.







എം. എൻ. ശങ്കരനാരായണൻ സംസാരിക്കുന്നു.




ടൂർണമെന്റിൽനിന്നും...

അവാർഡ് വിതരണം: വി. സുന്ദർ രാജ്
അദ്ധ്യക്ഷത: പി.കെ.ടി. രാജ









Sankarayya Road Summer
CHESS TOURNAMENT
STATE LEVEL
Approved by: Chess Association Kerala
Conducted by: Digital Film Makers' Forum
2024 April 28 Sunday
1st Edition
Jyothi Complex
Opp. SKVC Bus Stop
C. Achutha Menon Road, T.C.R
Journal Vol- 1
Regd No 598/IV/2010
സ്റ്റേറ്റ് ലെവൽ
ശങ്കരയ്യ റോഡ് സമ്മർ ചെസ്സ് ടൂർണമെന്റ്
ഡിജിറ്റൽ ഫിലിം മേക്കേഴ്സ് ഫോറം
28-April-2024
SSCT
Journal Vol- 1

## ടൂർണമെന്റ് ഇൻ ചാർജ്



ചീഫ് കോർഡിനേറ്റർ
**ഗോകുലൻ കളപ്പുരയ്ക്കൽ**
(ഡി.എഫ്.എം.എഫ്. ട്രസ്റ്റ് മെമ്പർ)



കോർഡിനേറ്റർ
**സാജു പുലിക്കോട്ടിൽ**
(ഡി.എഫ്.എം.എഫ്. ട്രസ്റ്റ് ട്രഷറർ)

## സംഘാടക സമിതി



ചെയർമാൻ
**വിനോദ് കണ്ടംകുളത്തിൽ**




വൈസ് ചെയർമാൻ
**ഇ.എം. വിദുരർ**



കൺവീനർ
**കെ.എൻ. അനിൽകുമാർ**



ജോ. കൺവീനർ
**സുജിത് ഇടക്കാട്ടിൽ**



ജോ. കൺവീനർ
**കെ. എസ്. ശ്യാംകുമാർ**

K. B. VASAN
Phone : 2380645
Mob : 9447381445



VASCO SCOOTER GARAGE
Sankarayya Road, Thrissur - 680 004
Specialist
KINETIC HONDA, ACTIVA
Repairing, Servicing & Painting




Mob: 9847796524
SREE DURGA BATTERIES
Opp. Bindu Theatre, Westfort, Thrissur -4

## സംഘാടക സമിതി അംഗങ്ങൾ



കെ.ബി. സുനിൽകുമാർ, ദേവദാസ് മനയ്ക്കാട്ടുംപടി, എം.ബി. ബാബു, കെ.വി. അഭിലാഷ്, പി.എസ്. സജിത്



പ്രസാദ് സുബ്രമണ്യൻ, ടി. സുനന്ദ്, സഞ്ജയ് എസ്, എ.ആർ. ഷിജിത്, നിജോ മൈക്കിൾ,



കെ.എസ്സ്. ഉണ്ണികൃഷ്ണൻ, കെ.എ. ജയൻ, കെ.എൻ. ഷാജു, കെ.എസ്. സുബിൻ, സി.ജെ. ശ്രീജിത്

## ഉപദേശക സമിതി



ഭാസി പാങ്ങിൽ, ശങ്കരനാരായണൻ, ഡോ.ബി. ജയകൃഷ്ണൻ



ബാബുരാജ് പുത്തൂർ, രമണൻ കളപ്പുരയ്ക്കൽ, മോഹൻദാസ് ഇടശ്ശേരി

## രക്ഷാധികാരി സമിതി



വി. സുരേഷ് കുമാർ, കെ.എം. രവീന്ദ്രൻ, ചേലാട്ട് ഹരിദാസ്, വി. എൻ. സജീവ് കുമാർ

സ്റ്റേറ്റ് ലെവൽ
28-April-2024
SSCT
# ശങ്കരയ്യ റോഡ് സമ്മർ ചെസ്സ് ടൂർണമെന്റ്
ഡിജിറ്റൽ ഫിലിം മേക്കേഴ്സ് ഫോറം
Journal Vol- 1

Sankarayya Road Summer CHESS TOURNAMENT
STATE LEVEL
2024 April 28 Sunday
1st Edition
Jyothi Complex
Opp. SKVC Bus Stop
C. Achutha Menon Road, T.C.R
Approved by: Chess Association Kerala
Conducted by: Digital Film Makers' Forum
Journal Vol- 1
Reged No 598/IV/2010

■ ആമുഖം
വിനോദ് കണ്ടംകുളത്തിൽ 07

■ ടൂർണമെന്റ് സ്പെഷ്യൽ
ഗോകുലൻ കളപ്പുരയ്ക്കൽ 08

■ ഓർമ്മ
പ്രൊഫ. എൻ.ആർ. അനിൽകുമാർ 15

■ ലേഖനം
ഭാസി പാങ്ങിൽ 19
വർഗീസ് തോമസ് 27

■ മിനിക്കഥ
അഭിതാ സുഭാഷ് 15

■ കവിത
സുരേഷ് നാരായണൻ 22
സതീഷ് കളത്തിൽ 29

■ അഭിമുഖം
ഏ.പി. ജോഷി/ സതീഷ് കളത്തിൽ 24

എഡിറ്റർ:
സതീഷ് കളത്തിൽ

ഡെപ്യൂട്ടി എഡിറ്റർ:
ബി. അശോക് കുമാർ

മാനേജിങ്ങ് എഡിറ്റർ:
അഡ്വ. പി.കെ. സജീവ്

ഡിസൈനർ:
നവീൻകൃഷ്ണ

ലേഔട്ട്:
അഖിൽകൃഷ്ണ

പ്രിൻറിംഗ്:
ഭാവന പ്രിന്റ് ഫാക്ടറി

digitalfilmmakersforum@gmail.com 7012490551
sankarayyaroadsummerchesstournament.blogspot.com

## എഡിറ്റോറിയൽ

പ്രാദേശികമായ ഒരു ചെസ്സ് ടൂർണമെന്റിന് ഇങ്ങനെയൊരു മാഗസിൻ അഥവാ ഒരു ജേർണൽ എന്തിന്?

ഇക്കാലത്ത്, ഫുട്ബോൾ, ക്രിക്കറ്റ് തുടങ്ങിയ ലീഡിങ് സ്പോർട്സുകളെപോലെ, പ്രാദേശിക തലത്തിൽ ചെസ്സും വളർന്നുവരുന്നു. പത്ത് വർഷം മുൻപുവരെ, നൂറോ നൂറ്റിയൻപതോ പേരിൽ ഒതുങ്ങി നിന്നിരുന്ന ടൂർണമെന്റ് കളിക്കാരിൽനിന്നും ഇന്ന്, മുന്നൂറോ അഞ്ഞൂറോ അതിൽ കൂടുതലോ കളിക്കാർ പ്രാദേശിക ടൂർണമെന്റുകളിൽ പങ്കെടുക്കുന്നു. ഇത്, കേരളത്തിലെ ചെസ്സിന്റെ ആരോഗ്യപരമായ വളർച്ചയെ സൂചിപ്പിക്കുന്ന, ആഹ്ലാദപരമായ സംഗതിയാണ്. എന്നാൽ, അതോടൊപ്പംതന്നെ, അത്ര സുഖകരമല്ലാത്ത മറ്റൊരു സംഗതിയുമുണ്ട്.

ടൂർണമെന്റുകളിൽ കളിക്കാർ കൂടുന്നതിനൊപ്പം അവാർഡുകളുടെ എണ്ണത്തിലും നിലവാരത്തിലും വർദ്ധനവുണ്ടാക്കേണ്ടതും ഒരു അനിവാര്യതയാകുന്നു. രജിസ്ട്രേഷൻ ഫീയിൽ വർദ്ധനവുണ്ടാകുന്നുണ്ടെങ്കിലും അവാർഡുകൾ അനൗൺസ് ചെയ്യപ്പെട്ടു നടത്തപ്പെടുന്ന ടൂർണമെന്റുകളുടെ സാമ്പത്തിക ഭദ്രത പ്രധാനമായും ആശ്രയിച്ചുനില്ക്കുന്നത്, കളിക്കാരുടെ പ്രാതിനിധ്യത്തെയാണ്.

മുൻപ്, സ്പോട്ട് എൻട്രി മാത്രമുള്ള കാലത്ത്, എത്തപ്പെട്ട കളിക്കാർക്കനുസൃതമായി അവാർഡ് സംഖ്യ നിശ്ചയിക്കാമായിരുന്നു. മൂന്നാം സ്ഥാനംവരെയുള്ള അവാർഡുകൾക്കപ്പുറം ഏതാനും പ്രോത്സാഹന സമ്മാനങ്ങളും വനിതാ– വെട്രൻ– ചിൽഡ്രൻ തുടങ്ങിയ സമ്മാനങ്ങളും ഏർപ്പെടുത്തിയാൽ സംഘാടകരുടെ ബാദ്ധ്യത തീരും.

ഇന്ന്, സ്ഥിതി അങ്ങനെയല്ല. മുൻപ്, പ്രാദേശികതല ടൂർണമെന്റുകളിൽ പൊതുവെ, ഫിഡെ റേറ്റിങ് ഉണ്ടെങ്കിലും ഇല്ലെങ്കിലും, എല്ലാവരും ഒരു കാറ്റഗറിയായുള്ള ഓപ്പൺ കളികളായിരുന്നു കൂടുതലും. അതിൽനിന്നാണ്, വനിതാ– വെട്രൻ– ചിൽഡ്രൻ തുടങ്ങിയ വിഭാഗങ്ങൾക്കും അവാർഡുകൾ നല്കി വന്നിരുന്നത്. ഇപ്പോൾ, കാറ്റഗറികൾ പലതായി. ഫിഡെ റേറ്റിങ് ഉള്ളവരുടെ കാറ്റഗറി, ഇല്ലാത്തവരുടെ കാറ്റഗറി തുടങ്ങി, പ്രായം/ ലിംഗം കണക്കാക്കി നിരവധി കാറ്റഗറികൾ ഉരുത്തിരിഞ്ഞു. അവാർഡുകളും അവാർഡുതുകകളും കൂടി. തന്മൂലം, കളിക്കാരുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കാൻ, സംഘാടകർക്കു മത്സരബുദ്ധിയോടെ പ്രവൃത്തിക്കേണ്ടി വരുന്നു.

ഈയൊരു സാഹചര്യത്തിലാണ്, മേൽ ചോദിച്ച ചോദ്യത്തിനുള്ള ഉത്തരം പൂർണ്ണമാകുന്നത്. ഏതൊരു ടൂർണമെന്റിന്റെയും നിലനിൽപ്പ്, കളിക്കാരുടെ അഡ്മിഷൻ ഫീക്കുപുറമെ, ടൂർണമെന്റിനു ലഭിക്കുന്ന സ്പോൺസർഷിപ്പുകളാണ്. ഒരു എ4 ഷീറ്റിലോമറ്റോ, ഒരു പുറത്തിലോ ഇരുപുറത്തിലോ പ്രിന്റ് ചെയ്യപ്പെട്ടിരുന്ന ആദ്യകാല ടൂർണമെന്റ് നോട്ടീസുകൊണ്ടു പരിഹരിക്കുവാൻ കഴിയാവുന്നതിലും അപ്പുറമാണ്, ഇക്കാലത്ത് ഇത്തരം മീഡിയയുടെ ആവശ്യകത.

അതുകൊണ്ടാണ്, 'ശങ്കരയ്യ റോഡ് സമ്മർ ചെസ്സ് ടൂർണമെന്റ് ഇങ്ങനെയൊരു വാർത്താ പത്രികയുടെ ആശയത്തിലേക്ക് എത്തപ്പെട്ടത്. ഇതിലൂടെ, സ്പോൺസർമാരുടെ എണ്ണവും അവരുടെ വിശദാംശങ്ങളുടെ വ്യാപ്തിയും വർദ്ധിപ്പിക്കാനും ടൂർണമെന്റുമായി ബന്ധപ്പെട്ട വിവരങ്ങൾ സവിസ്തരം പ്രതിപാദിക്കാനും കഴിയുന്നു. കൂടാതെ, സ്പോർട്സുമായി ബന്ധപ്പെട്ട വാർത്തകൾ/ ലേഖനങ്ങൾ/ സാഹിത്യരചനകൾ എന്നിവ ഉൾപ്പെടുത്താനും കഴിയുന്നു.

ഇങ്ങനെയൊരു ആശയം ലോകത്ത് ആദ്യമല്ല. എന്നാൽ, മലയാളത്തിൽ, കേരളത്തിലെ ടൂർണമെന്റ് ചരിത്രത്തിൽ ഇതാദ്യമാണെന്നു കരുതപ്പെടുന്നു. ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടതിൽ, 19–ാം നൂറ്റാണ്ടിൽ, ഫ്രാൻസിലെ ഏറ്റവും ശക്തനായ ചെസ്സ് കളിക്കാരനായി ഗണിക്കപ്പെട്ടു വരുന്ന ലൂയി–ചാൾസ് മാഹി ഡി ലാ ബർഡോണൈസ്, 1836ൽ പാരീസിൽനിന്നും പ്രസിദ്ധീകരിച്ചു വന്നിരുന്ന 'ലി പാലമേഡ്(Le Palamede)' ആണ് ചെസ്സിനു വേണ്ടി ആരംഭിച്ച ലോകത്തിലെ ആദ്യത്തെ മാഗസിൻ. തുടർന്ന്, നിരവധി രാജ്യങ്ങളിൽ ചെസ്സ് മാഗസിനുകൾ ആരംഭിക്കുകയുണ്ടായി.

1904ൽ, ഹെർമൻ ഹെൽംസ് ന്യൂയോർക്കിൽ നിന്നും ഇറക്കിയിരുന്ന, 'അമേരിക്കൻ ചെസ്സ് ബുള്ളറ്റിൻ' ലോകത്തിലെ ഏറ്റവും പ്രചാരമുള്ള ഒന്നായിരുന്നു. അക്കാലത്തു നടന്ന പ്രശസ്തമായ കേംബ്രിഡ്ജ് സ്പ്രിംഗ്സ് ടൂർണമെന്റിനെകുറിച്ചുള്ള വാർത്തയ്ക്കൊപ്പം പ്രാദേശിക ചെസ്സ് സംഘടനകളുടെ വാർത്തകളും ഉൾപ്പെടുന്നതായിരുന്നു അതിന്റെ ആദ്യ ലക്കം.

എന്നാൽ, എസ്.എസ്.സി.ടിയുടെ ഈ ജേർണൽ, ഒരു ടൂർണമെന്റുമായി ബന്ധപ്പെട്ട്, അതിന്റെ ഒരു അവിഭാജ്യഘടകമായാണു പുറത്തിറങ്ങുന്നത്. ഞങ്ങളുടെ ഈ ചുവടുവെയ്പ്, തുടർന്നുവരുന്ന ടൂർണമെന്റുകൾക്കും പ്രചോദനമാകും എന്നു വിശ്വസിച്ചുകൊണ്ട്,


സ്നേഹാശംസകളോടെ,
സതീഷ് കളത്തിൽ.






Printed and published by the sports committee, a wing of Digital Film Makers Forum Trust, for the purpus of Sankarayya Road Summer Chess Tournament. Printed at Bhavana Print Factory, North Bus Stand, Thrissur- 6800 021. The journal is a non-paid circulation for the organization. Editor: Sathish Kalathil.





# ആമുഖം

**ശങ്കരയ്യ റോഡിലെ ആദ്യകാല ചെസ്സ് കളിക്കാരനായിരുന്ന കളപ്പുരയ്ക്കൽ വാസു എന്ന വാസേട്ടൻറെ ദീപ്തമായ ഓർമ്മ നിലനിർത്തുവാൻ തുടക്കമിടുന്നതാണ് ഈ ടൂർണമെന്റ്.**

**വിനോദ് കണ്ടംകുളത്തിൽ**



പ്രിയരേ,

തൃശ്ശൂർ ജില്ലയുടെ ചെസ്സ് കളിയുടെ പ്രമുഖ കേന്ദ്രങ്ങളിലൊന്നായ തൃശ്ശൂർ നഗരത്തിലെ ശങ്കരയ്യറോഡിൽ നിന്നും വീണ്ടും ഒരു ചെസ്സ് ടൂർണമെന്റ് ആരംഭിക്കുകയാണ്. 'ശങ്കരയ്യ റോഡ് സമ്മർ ചെസ്സ് ടൂർണമെന്റ്" എന്ന പേരിൽ, ഡിജിറ്റൽ ഫിലിം മേക്കേഴ്സ് ഫോറം ട്രസ്റ്റ് തുടക്കമിടുന്ന ഈ ടൂർണമെന്റ്, കഴിഞ്ഞ കാലങ്ങളിൽ ശങ്കരയ്യ റോഡിൽ നടന്നുവന്നിരുന്ന പൂജാ ചെസ്സ് ടൂർണമെന്റുകളുടെ തുടർച്ചയാണ്. സംസ്ഥാനതലത്തിൽ സംഘടിപ്പിക്കപ്പെടുന്ന ഈ ടൂർണമെന്റിന് ആതിഥേയത്വം വഹിക്കുവാൻ ശങ്കരയ്യ റോഡിലെ ചെസ്സ് പ്രേമികളുടെ കൂട്ടായ്മയും ഒപ്പമുണ്ട്.

ശങ്കരയ്യ റോഡിലെ ആദ്യകാല ചെസ്സ് കളിക്കാരനായിരുന്ന കളപ്പുരയ്ക്കൽ വാസു എന്ന വാസേട്ടൻറെ ദീപ്തമായ ഓർമ്മ നിലനിർത്തുവാൻകൂടി തുടക്കമിടുന്ന ഈ ടൂർണമെന്റ്, സി. അച്യുതൻ മേനോൻ റോഡിൽ(പടിഞ്ഞാറെ കോട്ട പൂങ്കുന്നം റോഡിൽ ശ്രീ കേരളവർമ്മ കോളേജ് ബസ് സ്റ്റോപ്പിനു എതിർവശം), ജ്യോതി കോംപ്ലക്സിൽ വെച്ചാണു നടത്തുന്നത്. 2024 ഏപ്രിൽ 28ന്, രാവിലെ 9 മണിക്ക് ഡോ. ഐ. എം. വിജയൻ ഉദ്ഘാടനം ചെയ്യും. വൈകുന്നേരം 7 മണിക്ക് പ്രൊഫ. എൻ. ആർ. അനിൽകുമാർ അവാർഡുകൾ വിതരണം ചെയ്യും.

കഴിഞ്ഞ അഞ്ചര പതിറ്റാണ്ടിലേറെയായി, ഇവിടെ നടന്നുവന്നിരുന്ന ചെസ്സ് കളിക്കും ടൂർണമെൻറുകൾക്കും നിസ്വാർത്ഥ സ്നേഹവും സഹായങ്ങളും നല്കിവരുന്ന ഇവിടത്തെ ജനങ്ങളോടും ഇതുവരെ ഞങ്ങൾക്കൊപ്പം നിലകൊണ്ടുവരുന്ന സ്പോൺസർമാരോടും കളിക്കാരോടുംമറ്റും ഹൃദയംഗമമായ കൃതജ്ഞത പറയുവാൻകൂടി ഈ അവസരം ഞങ്ങൾ വിനിയോഗിക്കുകയാണ്.

തുടർന്നും, 'നിങ്ങൾ ഞങ്ങൾക്കൊപ്പമുണ്ട്' എന്ന വിശ്വാസത്തിൽ, ഒരിക്കൽകൂടി ഞങ്ങൾ ഒരുങ്ങുകയാണ് ...

ചെയർമാൻ, സംഘാടക സമിതി, എസ്.എസ്.സി.ടി. 9746962929




ആദരണം:




ശങ്കരയ്യ റോഡിലെ ആദ്യകാല ചെസ്സ് കളിക്കാരായ ശ്രീ. എം. എൻ. ശങ്കരനാരായണൻ, ശ്രീ. സി. കെ. ശ്രീകുമാർ എന്നിവരെ ശങ്കരയ്യ റോഡ് സമ്മർ ചെസ്സ് ടൂർണമെന്റ്(എസ്. എസ്. സി. ടി.) ആദരിക്കുന്നു.

ഉദ്ഘാടനം:



സമ്മാനദാനം:



ഇന്റർനാഷണൽ ആർബിറ്റർ, പീറ്റർ ജോസഫ് എം ചീഫ് ആർബിറ്ററായ എസ്. എസ്. സി. ടിയുടെ ഉദ്ഘാടനം അർജുന അവാർഡ് ജേതാവ് ഡോ. ഐ. എം. വിജയനും പുരസ്കാര വിതരണം അന്താരാഷ്ട്ര കറസ്പോണ്ടൻസ് ചെസ്സ് മാസ്റ്റർ പ്രൊഫ. എൻ. ആർ. അനിൽകുമാറും നിർവ്വഹിക്കും. ഏഷ്യൻ ബോഡി ബിൽഡിങ്ങ് താരവും തൃശ്ശൂർ ജില്ലാ സ്പോർട്സ് കൗൺസിൽ അംഗവുമായ ഏ. പി. ജോഷി, കേരള ചെസ്സ് അസോസിയേഷൻ തൃശ്ശൂർ ജില്ലാ പ്രസിഡന്റ് വി. ശശീധരൻ എന്നിവർ മുഖ്യാതിഥികളായി പങ്കെടുക്കും.

മുഖ്യാതിഥികൾ:




Ceramic Centre



THRISSUR
Sankarayya Road, West Fort
Ph: 0487 2386040, Mob: 8157873777, 8157876777

CHALAKKUDY
NH 544, Muringoor
Ph: 0480 2702040, Mob: 9061362777

www.ceramiccentre.net,
Email: varghese.ceramiccentre@yahoo.com



# ടൂർണമെൻ്റ് സ്പെഷ്യൽ



**ഗോകുലൻ കളപ്പുരയ്ക്കൽ**
ചീഫ് കോർഡിനേറ്റർ, എസ്.എസ്.സി.ടി.
98474946914

പ്രിയ ചെസ്സ് കളിക്കാരെ,

എസ്.എസ്.സി.ടിയുടെ ആദ്യ എഡിഷൻ. ഫിഡെ റേറ്റിങ് 1649 വരെയുള്ള കളിക്കാർക്കും അൺറേറ്റഡ് കളിക്കാർക്കും പതിനഞ്ച് വയസിനു താഴെയുള്ള കളിക്കാർക്കുംവേണ്ടി സംഘടിപ്പിക്കുന്നു.

ശങ്കരയ്യ റോഡിൻ്റെ ടൂർണമെൻ്റ് ചരിത്രത്തിൽ, ഒരുപക്ഷെ, കേരള ടൂർണമെൻ്റുകളിൽതന്നെ, അപൂർവ്വമായേക്കാവുന്ന അവാർഡുകളാണ്, ശങ്കരയ്യ റോഡ് സമ്മർ ചെസ്സ് ടൂർണമെൻ്റ് ആദ്യ എഡിഷൻ അഭിമാനപൂർവ്വം പ്രഖ്യാപിക്കുന്നത്.

ആകെ, എഴുപത്തിയൊമ്പത് അവാർഡുകളിലായി ഏകദേശം, ഒരു ലക്ഷത്തി പതിനോരായിരത്തി ഒരുനൂറ്റിപതിനൊന്ന് രൂപയുടെ ക്യാഷ് അവാർഡുകളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. കൂടാതെ, വനിതാ- വെട്രൻ- ചിൽഡ്രൻസ് കോച്ച് എന്നീ വിഭാഗങ്ങളിലായി എക്സലൻസ് അവാർഡുകളും ഏർപ്പെടുത്തിയിട്ടുണ്ട്.

റേറ്റഡ് കാറ്റഗറിയിൽ, ഒന്നാം സമ്മാനമായി ഒന്നര ഗ്രാമിൻ്റെ ഗോൾഡ് കോയിനും സർട്ടിഫിക്കറ്റും 'കളപ്പുരയ്ക്കൽ വാസു' മെമ്മോറിയൽ എവർറോളിങ് ട്രോഫിയും നല്കുന്നു. രണ്ടാം സമ്മാനമായി ഒരു ഗ്രാമിൻ്റെ ഗോൾഡ് കോയിനും സർട്ടിഫിക്കറ്റും നല്കുന്നു. റേറ്റഡ് കാറ്റഗറിയ്ക്കുപുറമെ, അൺറേറ്റഡ് - ചിൽഡ്രൻസ് വിഭാഗത്തിലുള്ള ആദ്യ സ്ഥാനക്കാർക്കും ഓരോ ഗ്രാമിൻ്റെ ഗോൾഡ് കോയിനും സർട്ടിഫിക്കറ്റും നല്കുന്നു. മറ്റു സമ്മാനങ്ങളുടെ വിശദാംശം ടേബിൾ ആയി കൊടുത്തിരിക്കുന്നു.

എസ്.എസ്.സി.ടിയുടെ ആദ്യത്തെ ടൂർണമെൻ്റിലേക്കു പ്രിയ കളിക്കാർക്കു സഹർഷം സ്വാഗതം.



## Champion Award With Kalappurakkal Vasu Everrolling Trophy

**Sponsored by Gokulan Kalappurakkal**

- Entry closing: 26/04-10.00pm
- Reporting Time: 8.30am
- 7 Rounds
- First round starts @ 10.00am
- Time Control: 15 M + 5 S

Digital certificates with photo are issued for winners.
Medals and digi certificates for all participation of under 15.
Medals sponsored by Future Chess Academy: 9400035575

| Rated | Unrated |
|---|---|
| * Gold Coin(1.5grm) | * Gold Coin (1gr) |
| * Gold Coin (1 grm) | * 2002 |
| * 3000 | * 2001 |
| * 2002 | * 2000 |
| * 2001 | * 1500 |
| * 2000 | * 1400 |
| * 1503 | * 1200 |
| * 1502 | * 1150 |
| * 1501 | * 1100 |
| * 1500 | * 1050 |
| * 1000x 15 | * 1000x15 |

Fee: 700
U-15yrs: 600

Mess: 30

9847946914

| Under 15yrs | |
|---|---|
| * Gold Coin (1gr) | * 1005 |
| * 2001 | * 1004 |
| * 1500 | * 1003 |
| * 1300 | * 1002 |
| * 1150 | * 1001 |
| * 1000x 15 | |

## Rated Below 1650 ■ Unrated ■ Under 15yrs

## Total Cash Prize Around 1,11,111





■ Total Awards: 79

■ SSCT Excellence Awards With Rs 1000 +

In Unrated, Woman(Above 15), Veteran(Above 59), Best Thrissur. Best Coach In Under 15

# സ്റ്റേറ്റ് ലെവൽ ശങ്കരയ്യ റോഡ് സമ്മർ ചെസ്സ് ടൂർണമെന്റ്

28-April-2024
SSCT
Digital Film Makers' Forum 598/IV/2010
Journal Vol-1



**ചീഫ് ആർബിറ്റർ**
**പീറ്റർ ജോസഫ് എം**
(ഇന്റർനാഷണൽ ആർബിറ്റർ)
9387726873

**റേറ്റഡ് (ബിലോ 1650)/ അൺറേറ്റഡ്- Rs 700**
**ചിൽഡ്രൻ- Rs 600**

രെജിസ്ട്രേഷൻ ഫീ അടയ്ക്കുവാൻ

SATHISH K S

ppr.02789.30102023.00251645@cnrb

**മെസ്- Rs 30(ഒരാൾക്ക്)**

മെസ് ഫീ അടയ്ക്കുവാൻ

Gokulan K V

UPI ID: gokulankv123@okicici

**ഗൂഗിൾ പേ:** 9847946914

ബാങ്ക് വഴി പണമടയ്ക്കുവാൻ

കാനറ, പൂങ്കുന്നം ബ്രാഞ്ച്
അകൗണ്ട് നമ്പർ - 2789201005174
ഐ. എഫ്.സി. കോഡ്- CNRB0002789
ഡിജിറ്റൽ ഫിലിം മേക്കേഴ്സ് ഫോറം

ഗൂഗിൾ ഫോം ഫിൽ ചെയ്യുക:
https://forms.gle/rofqFucbtewyw8ow9

ലൊക്കേഷൻ മാപ്പ്:
https://maps.app.goo.gl/ptJioSUyEZcfxhdF7

## രെജിസ്റ്റർ ചെയ്യുന്നവരുടെ പ്രത്യേക ശ്രദ്ധക്ക്:

1. ഗൂഗിൾ ഫോം ഫിൽ ചെയ്യുന്നതിനു മുൻപ്, ഫിഡെ കാറ്റഗറിക്കാർ, അവരുടെ പുതിയ റേറ്റിങ്ങ് പരിശോധിച്ച് ഉറപ്പുവരുത്തുക.
2. ടൂർണമെന്റിനു പണമടക്കേണ്ട അവസാന തിയ്യതി ഏപ്രിൽ 26 രാത്രി 10 മണി. സ്പോട്ട് അഡ്മിഷൻ ഉണ്ടായിരിക്കുന്നതല്ല.
3. പണം അടക്കുന്നവർ അതിന്റ സ്ക്രീൻ ഷോട്ട്/ രസീത് സഹിതം 7012490551 നമ്പറിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. അപ്രകാരം സംഭവിക്കാത്തപക്ഷം, ടൂർണമെന്റിൽ പങ്കെടുക്കാൻ കഴിയാതിരുന്നാൽ, അതിനു ടൂർണമെന്റ് കമ്മിറ്റിയോ ട്രസ്റ്റോ ഉത്തരവാദിയോ അഡ്മിഷൻ & മെസ്സ് ഫീകൾ തിരികെ നല്കുന്നതോ അല്ല. എന്നാൽ, പരിഗണന അർഹിക്കുന്ന സംഭവങ്ങളിൽ കമ്മിറ്റിക്ക്/ ട്രസ്റ്റിനു ബോദ്ധ്യപ്പെടുന്നപക്ഷം ടൂർണമെന്റിനുശേഷം ഫീസുകൾ തിരികെ നല്കുന്നതാണ്.
4. ടൂർണമെന്റിൽ പേര് രെജിസ്റ്റർ ചെയ്യപ്പെട്ടതിനുശേഷം മത്സരത്തിൽ പങ്കെടുക്കാൻ കഴിയാതിരുന്നാൽ അഡ്മിഷൻ & മെസ്സ് ഫീകൾ തിരികെ നല്കുന്നതല്ല. എന്നാൽ, അർഹിക്കുന്ന പരിഗണന ആവശ്യമുണ്ടെന്നു കമ്മിറ്റിക്ക്/ ട്രസ്റ്റിനു ബോദ്ധ്യപ്പെടുന്ന കേസുകളിൽ പണം തിരികെ നല്കുന്നതാണ്.
5. ബാഹ്യമോ സംഘടനാപരമോ സാങ്കേതികമോ മറ്റോ ആയ പ്രശ്നങ്ങളിൽ ടൂർണമെന്റ് നീട്ടിവെയ്ക്കുന്നതിനോ നിർത്തിവെയ്ക്കുന്നതിനോ ട്രസ്റ്റിന് അധികാരമുണ്ടായിരിക്കുന്നതും ആയത്, ചോദ്യം ചെയ്യാൻ സാധിക്കാത്തതുമാണ്. അപ്രകാരം സംഭവിക്കുന്നപക്ഷം, അഡ്മിഷൻ& മെസ്സ് ഫീകൾമാത്രം തിരികെ നല്കുന്നതും മറ്റു നഷ്ടപരിഹാരങ്ങൾ ലഭിക്കാത്തതുമാണ്.
6. മത്സരവുമായി ബന്ധപ്പെട്ട സാങ്കേതികമായ സംശയനിവാരണത്തിനു ചീഫ് ആർബിറ്ററുമായി ബന്ധപ്പെടുക. മത്സരവുമായി ബന്ധപ്പെട്ട എല്ലാവിധ തർക്ക- വിതർക്കങ്ങളുടെയും അന്തിമ തീർപ്പ് ടൂർണമെന്റിന്റെ ചീഫ് ആർബിറ്ററിൽമാത്രം നിക്ഷിപ്തമായിരിക്കും. അതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ടൂർണമെന്റ് കമ്മിറ്റിയ്ക്കോ ട്രസ്റ്റിനൊ യാതൊരു ഇടപെടലോ ഉത്തരവാദിത്വമോ ഇല്ലാത്തതാകുന്നു.

എന്ന്,

സാജു പുലിക്കോട്ടിൽ,
ടൂർണമെന്റ് കോർഡിനേറ്റർ.

കെ. എൻ. അനിൽകുമാർ,
സംഘാടക സമിതി കൺവീനർ.








പ്രണാമം..🙏



പ്രണാമം..🙏



# LOSE WEIGHT OR GAIN WEIGHT

## HELPING PEOPLE TO GAIN IDEAL WEIGHT

ASK ME HOW!

# അമിത വണ്ണം കുറക്കാനും

രോഗ പ്രതിരോധശേഷി
വർദ്ധിപ്പിക്കാനും
ജീവിത ശൈലി രോഗങ്ങളിൽ നിന്ന്
രക്ഷ നേടുന്നതിനും

**സൗജന്യ ബോധവൽക്കരണം**

**9746457956, 7034298956, 9629837873**

BEFORE AFTER




ZOOM AVAILABLE

23/325, Aiswarya Arcade,
Room No: 3, First Floor,
Near Bindu Theater,
West Fort, Thrissur - 680 004




FREE BODY FAT CHEKUP

LOSE WEIGHT
WEIGHT GAIN
NOW
ASK ME HOW !

Disclaimer:
The views expressed are that of individuals


1 YEAR PACKAGE
8,499/-
14000/-
1 MONTH FREE
A- SQUARE FITNESS
ANNIVERSARY
OFFER TIME
1 MONTH 1,800/-
3 MONTHS 3,499/- 4750/-
6 MONTHS 6,000/- 9000/-
FAMILY PACKAGE (4P) 9,999/- 15,200/-
WEIGHT TRAINING + ZUMBA + AEROBICS + CARDIO + BOXING
6:00 AM - 9:00AM
4:00 PM - 6:00PM
ZUMBA
1 MONTH - 1,000/-
2 MONTHS - 1,800/-
3 MONTHS - 2,700/-
GYM PACKAGE + ZUMBA
1 MONTH - 2,800/-
3 MONTHS - 6,999/-
BOXING
1 MONTH - 1,000
3 MONTHS - 2,700/-
COUPLE OFFER 1 MONTH - 3,000 | 3 MONTHS - 6,000/- (7,500)
OPENING TIME: 5:30AM TO 11:30PM SUNDAY: 6:00AM TO 10:00PM
A-SQUARE FITNESS ASWINI JUNCTION, OTTAPPATH TOWER, VASANTH NAGAR, PATTURAIKKAL, THRISSUR- 680020
+91 7994 98 68 95 | +91 9567 36 77 98

സ്റ്റേറ്റ് ലെവൽ
# ശങ്കരയ്യ റോഡ് സമ്മർ ചെസ്സ് ടൂർണമെന്റ്
ഡിജിറ്റൽ ഫിലിം മേക്കേഴ്സ് ഫോറം

28-April-2024

SSCT Journal Vol- 1



ശങ്കരയ്യ റോഡ് റെഡ് സ്റ്റാർ ക്ലബ്ബ് നടത്തി വന്നിരുന്ന, ജില്ലാതല പൂജാ ചെസ്സ് ടൂർണമെന്റ് ഏഴാം വർഷ കാഴ്ചകൾ - 2000

ഉദ്ഘാടനം: ജോസ് കാട്ടൂക്കാരൻ, മേയർ, തൃശ്ശൂർ







സ്വാഗതം: ഇ. എം. വിദുരർ, വൈസ് പ്രസിഡണ്ട്, റെഡ് സ്റ്റാർ ക്ലബ്ബ്




അദ്ധ്യക്ഷ പ്രസംഗം: സതീഷ് കളത്തിൽ, പ്രസിഡണ്ട്, റെഡ് സ്റ്റാർ ക്ലബ്ബ്




ഉദ്ഘാടന പ്രസംഗം: ജോസ് കാട്ടൂക്കാരൻ, മേയർ, തൃശ്ശൂർ







ഭദ്രദീപം: ജോസ് കാട്ടൂക്കാരൻ, എം. ഒ. വർക്കി(സെക്രട്ടറി, ജില്ലാ ചെസ്സ് അസോസിയേഷൻ), തിയ്യാടി ജയൻ(കൗൺസിലർ)



ഉദ്ഘാടനം: ജോസ് കാട്ടൂക്കാരൻ




നന്ദി: എം. ബി. ബാബു, സെക്രട്ടറി, റെഡ് സ്റ്റാർ ക്ലബ്ബ്

## ആദരണം:

ആദ്യകാല ചെസ്സ് കളിക്കാരായ കളപ്പുരയ്ക്കൽ വാസു, മാക്കൽ മോഹനൻ എന്നിവരെ റെഡ് സ്റ്റാർ ക്ലബ്ബ് പ്രസിഡണ്ട് സതീഷ് കളത്തിൽ ആദരിക്കുന്നു.








# വാസുവേട്ടൻ

## വാക്കുകൾക്കപ്പുറം സഞ്ചരിക്കുന്ന ആദരവും സ്നേഹവും:



പ്രൊഫ. എൻ. ആർ. അനിൽകുമാർ

**ഉടനെ അദ്ദേഹം കരുക്കൾ നിരത്തി. "മക്കളെന്തൂട്ടിനാ പേടിക്കിണെ? ധൈര്യായിട്ട് കളിച്ചോന്നെ." ഞങ്ങൾ മാറി മാറി അദ്ദേഹത്തോടു കളിച്ചു. ഞങ്ങളുടെ പേടി കുറഞ്ഞു.**

വാസുവേട്ടനെ ആദ്യമായി കണ്ട ദിവസം എന്റെ ഓർമ്മയിൽ ഇന്നും തെളിഞ്ഞു കിടക്കുന്നു.

51 വർഷങ്ങൾക്കു മുൻപായിരുന്നു അത്. 1973. ഞാൻ ചെസ്സ് കളി പഠിച്ചിട്ട് ഒരു വർഷമേ ആയിട്ടുള്ളു. സെന്റ് തോമസ് കോളേജിൽ ഒന്നാം വർഷ പ്രീഡിഗ്രി വിദ്യാർത്ഥി ആയിരിക്കുന്ന കൗമാരകാലം. ചെസ്സ് ജ്വരം അത്യാവശ്യം എന്നെ പിടികൂടിയിട്ടുണ്ട്. സുഹൃത്തുക്കളും ബന്ധുക്കളുമായി കിട്ടുന്ന അവസരങ്ങളിലെല്ലാം ചെസ്സ് കളിക്കും. ചെസ്സ് ടൂർണമെന്റ് എന്ന സംഗതി പത്രത്തിൽ വായിച്ചിട്ടുണ്ടെങ്കിലും നേരിട്ടു കാണാനോ പങ്കെടുക്കാനോ സാധിച്ചിട്ടില്ല. അപ്പോഴാണ്, പത്രത്തിൽ ഒരു ദിവസം ആ വാർത്ത കാണുന്നത്, 'ശങ്കരയ്യർ റോഡിൽ റെഡ് സ്റ്റാർ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഒരു അഖില കേരളാ ചെസ്സ് മത്സരം' നടക്കാൻ പോകുന്നു.

ആവേശമായി. ഒന്നു കളിച്ചുനോക്കിയാലോ. ബന്ധുവും സമപ്രായക്കാരനുമായ ബാബുട്ടനോട് ഇക്കാര്യം പറഞ്ഞു. ലേശം ആശങ്കയോടെ മൂപ്പരും യോജിച്ചു. 'ഒക്കെ വലിയ കളിക്കാരല്ലേ , മ്മക്ക് വല്ല പോയിന്റും കിട്ട്വോ?' ഇതായിരുന്നു ഇരുവരുടേയും ചിന്ത. 'നമുക്കൊന്നു പോയിക്കളയാം' ന്നു ഞാൻ. വീട്ടിൽനിന്നും ഒരു കിലോമീറ്റർ ദൂരമേയുള്ളൂ, റെഡ് സ്റ്റാർ ക്ലബ്ബിലേക്ക്. സൈക്കിളും ചവിട്ടി അവിടെയെത്തി.

ശങ്കരയ്യർ റോഡിന്റെ മദ്ധ്യഭാഗത്തുനിന്നും സി. അച്യുതമേനോന്റെ വീട്ടിലേക്കുള്ള റോഡിലേക്കു തിരിയുന്ന മൂലക്കലാണ്, ആ ഒറ്റമുറി ക്ലബ്ബ്. . വലിയ ശങ്കയോടെ കയറിച്ചെന്നു. ഷർട്ടൊന്നുമിടാതെ ഞങ്ങളെ വാത്സല്യപൂർവ്വം നോക്കി, പുഞ്ചിരിച്ചുകൊണ്ട് ഒരു ഇരുനിറക്കാരൻ മദ്ധ്യവയസ്ക്കൻ ഞങ്ങളെ എതിരേറ്റു. "എന്താ മക്കളേ നിക്കുന്നത് കേറി വാ" എന്ന് അദ്ദേഹം. ഞങ്ങൾക്കു സമാധാനമായി. അകത്തു കേറി ഒരു മരബെഞ്ചിൽ ഇരുന്നു. രണ്ട് പേർ ചെസ്സ് കളിക്കുന്നു. ഞങ്ങളെ സ്വീകരിച്ച വ്യക്തിയോടു ഞങ്ങൾ കാര്യം പറഞ്ഞു, 'ടൂർണമെന്റിൽ കളിക്കണമെന്നുണ്ട്. പക്ഷെ അതിനുള്ള നിലവാരം ഉണ്ടോന്നറിയില്ല'. ഉടനെ അദ്ദേഹം കരുക്കൾ നിരത്തി. "മക്കളെന്തൂട്ടിനാ പേടിക്കിണെ? ധൈര്യായിട്ട് കളിച്ചോന്നെ." ഞങ്ങൾ മാറി മാറി അദ്ദേഹത്തോടു കളിച്ചു. ഞങ്ങളുടെ പേടി കുറഞ്ഞു.

അന്ന്, സ്നേഹത്തോടെ ധൈര്യം തന്ന ആ വ്യക്തിയായിരുന്നു വാസുവേട്ടൻ! ആ ധൈര്യമാണ് എന്നെ ചെസ്സ് മത്സരവേദിയിലേക്ക് നയിച്ചത്. എന്നെത്തന്നെ അത്ഭുതപ്പെടുത്തികൊണ്ട് അന്നാ മത്സരത്തിൽ ഞാൻ മൂന്നാം സ്ഥാനം നേടുകയും ചെയ്തു. പിന്നീട്, ഇടക്കിടെ അവിടെ പോയി കളിച്ചിരുന്നു. ആദ്യദിവസംമുതൽ അവസാനം കാണുന്നതുവരെ അതേ വാത്സല്യവും സ്നേഹവും വാസുവേട്ടനിൽനിന്നും ലഭിച്ചു.

വളരെ ശാന്തനായ വ്യക്തിയായിരുന്നു അദ്ദേഹം. പെയിന്റിങ് തൊഴിലാളിയായിരുന്നു. നന്നായി ചെസ്സ് കളിക്കും. ശുദ്ധമായ ആനന്ദത്തിനു വേണ്ടിയായിരുന്നു വാസുവേട്ടൻ ചെസ്സ് കളിച്ചത്. തമാശ പറഞ്ഞും മൃദുവായി പരസ്പരം കളിയാക്കിയും തൊഴിലാളികളും സാധാരണക്കാരും അവിടെ ചെസ്സ് കളിച്ചു. അദ്ധ്വാനിക്കുന്നവന്റെ ഉദാത്തമായ മാന്യതയുടെ പ്രതീകമായിരുന്നു വാസുവേട്ടൻ. പിന്നീട്, എല്ലാ വർഷവും എന്റെ വീട്ടിലെ വൈറ്റ് വാഷിങ്ങ് നടത്തിത്തന്നത് വാസുവേട്ടനായിരുന്നു. എനിക്കും അമ്മയ്ക്കും വാസുവേട്ടൻ ഞങ്ങളുടെ വീട്ടിലെ ഒരംഗംപോലെയായിരുന്നു. അത്രക്കു സ്നേഹവും വിശ്വാസവും ബഹുമാനവും നമുക്കു സ്വാഭാവികമായി തോന്നുന്ന ഒരു വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്.

വാസുവേട്ടന്റെ ഓർമ്മക്കായി ഒരു ചെസ്സ് ടൂർണമെന്റ് എന്നതിലും ഉചിതവും ആഹ്ലാദകരവുമായ മറ്റൊരു കാര്യമില്ല. എന്നെ സംബന്ധിച്ചിടത്തോളം, വാസുവേട്ടനെക്കുറിച്ചുള്ള ഓർമ്മ, സ്നേഹത്തിന്റെ, മനോഹരമായ ഒരു കാലത്തിന്റെ ഹരിതാഭമായ പരിസരത്തേക്കു മനസിനെ കൊണ്ടുപോകുന്ന ഒന്നാണ്. വാക്കുകൾക്കപ്പുറം സഞ്ചരിക്കുന്ന ആദരവും സ്നേഹവും വാസുവേട്ടനായി ഞാനിവിടെ സമർപ്പിക്കുന്നു.

പ്രൊഫ. എൻ. ആർ. അനിൽകുമാർ: അന്തർദേശീയ ചെസ്സ് ഫെഡറേഷനിൽ നിന്നും അന്താരാഷ്ട്ര കറസ്പോണ്ടൻസ് ചെസ്സ് മാസ്റ്റർ പദവി നേടിയ ആദ്യത്തെ ഇന്ത്യക്കാരനും 1982-ലെ ചെസ്സ് ഒളിമ്പ്യാഡിൽ പങ്കെടുത്ത വ്യക്തിയുമാണ്. തൃശ്ശൂർ അയ്യന്തോൾ എസ്. എൻ. പാർക്കിൽ താമസിക്കുന്നു.

# മിനിക്കഥ

## നിഴലുകൾ പടവെട്ടിക്കളിക്കുന്ന കളം:

ജീവിതം ഒരു ചതുരംഗക്കളംപോലെയാണെന്നു പറയുന്നതെത്ര ശരിയാണ്. ആനകളെ പോലെ, കുതിരകളെപോലെ, തേരുകളെപോലെ മനുഷ്യർ തലങ്ങനെ, വിലങ്ങനെ ചാഞ്ഞും ചെരിഞ്ഞും പാഞ്ഞുകൊണ്ടിരിക്കുന്നു.. പടവെട്ടിക്കൊണ്ടിരിക്കുന്നു. 'ആര്, ആരോട്' എന്ന ചോദ്യം പ്രസക്തമല്ലാത്ത പടവെട്ടലുകൾ.. പലതും, എന്തിനെന്നു ബോദ്ധ്യം നഷ്ടമായ പാച്ചിലുകൾ!

രാത്രി കാലങ്ങളിലെ കട്ട പിടിച്ച ഇരുട്ടിൽ.. വെളുപ്പാൻ കാലങ്ങളിലെ കോടമഞ്ഞിന്റെ പുകച്ചുരുളുകളിൽ.. അവ്യക്തമായ വഴികളിലൂടെ തനിയെ നടക്കാൻ ശീലിക്കേണ്ടി വരുന്നതും അതൊക്കെകൊണ്ടുതന്നെ. അത്തരം യാത്രകളിലാണ്, മുന്നിലുള്ള നിഴൽ രൂപങ്ങൾ ഒന്നു തിരിഞ്ഞു നോക്കിയിരുന്നെങ്കിൽ.. ഒപ്പം നടക്കാൻ സുമനസ്സ് കാണിച്ചിരുന്നെങ്കിലെന്നാശിച്ചു പോകാറുള്ളത്.

ഈയിടെയായി, പുലർച്ചയിലെ പതിവു നടത്തത്തിൽ മുന്നിലൊരു നിഴൽ പോകുന്നു. ആരാണെന്നു വ്യക്തമല്ല. പക്ഷെ, എന്നോ.. എവിടെയൊ.. കണ്ടതുപോലെ, സുപരിചിതമായ ആകാരം. എന്നും കരുതും, ഒപ്പമെത്തി അതാരാണെന്നു നോക്കണമെന്ന്. പക്ഷെ, എന്തോ ഒരു വല്ലായ്ക. അയാളെ വിളിക്കണമെന്നുണ്ട്. പക്ഷേ, എത്ര ആഗ്രഹിച്ചിട്ടും ശബ്ദം പുറത്തേക്കു വരുന്നില്ല. വർഷങ്ങളായി തുടരുന്ന ഈ തനിച്ചു നടത്തത്തിനൊരു വിരാമം; അല്ലെങ്കിലൊരാശ്വാസം. ഈയിടെയായി, ഉള്ളം വല്ലാതെ തുടിക്കുന്നു. പുതച്ചിരിക്കുന്ന ഷാളിന്, പുറത്തെ തണുപ്പിന്റെ കാഠിന്യം കുറക്കാനല്ലേ പറ്റൂ. അകത്ത്, ശൈലം കണക്കെ വളർന്നു വരുന്ന ഹിമത്തെ അതിനെന്തു ചെയ്യാൻ കഴിയും?

മരവിച്ച കൈകളെ കൂട്ടിതിരുമ്മി ചൂട് പിടിച്ചു കൊണ്ടുള്ള നടപ്പിലും വിളിപ്പാടകലെ നീങ്ങുന്ന നിഴലിലേക്കടുക്കുവാൻ അവൾ ശ്രമിക്കുന്നുണ്ട്. നടത്തത്തിനു വേഗം കൂട്ടി നോക്കി. എത്തുന്നില്ല. ഓടി നോക്കി. എത്തുന്നില്ല. ഒരു കൈയകലം അപ്പോഴും ബാക്കി നില്ക്കുന്നു. എങ്കിലും, തൊട്ടടുത്തെത്തിയതിന്റെ ഒരു സന്തോഷം നുരപൊന്തി.

ഇപ്പോൾ, അവൾക്കയാളെ തൊടാം. അവളുടെ നിശ്വാസം അയാൾക്കു കേൾക്കാം. ചന്ദ്രൻ പൂർണ്ണമായും പിൻവാങ്ങാത്ത അന്തരീക്ഷത്തിൽ, ഈറൻ കാറ്റിൽ ഉലഞ്ഞുകൊണ്ടിരിക്കുന്ന അവളുടെ ഉടയാടകളുടെ ഉലച്ചിൽ പോലും ആ അരണ്ട വെളിച്ചത്തിൽ അയാളുടെ ശ്രദ്ധയിലെത്തും. എന്നിട്ടും, അയാൾ തിരിഞ്ഞു നോക്കുന്നുപോലുമില്ല. അവളുടെ വിറയാർന്ന വലതുകരം അയാളുടെ ചുമൽ ലക്ഷ്യമാക്കി പലവട്ടം നീണ്ടു. 'ഹേ.. യ്..' എന്ന വിളിപോലും തൊണ്ട വിട്ടു പുറത്തേക്കു വരുന്നില്ല. 'എത്ര ശ്രമിച്ചാലും തനിക്കൊരിക്കലും അവനിലേക്കെത്താൻ കഴിയില്ല' എന്ന് ഉള്ളിലിരുന്നാരോ മന്ത്രിക്കുന്നതുപോലെ.

പെട്ടന്നാണ്, അവളുടെ കണ്ണുകൾ കീഴ്മേൽ മറഞ്ഞത്.. ശരീരത്തിനു ഭാരം നഷ്ടമായത്.. പിന്നിലേക്കവൾ മറിഞ്ഞു വീണത്..

ആ വീഴ്ചയിലുമവൾ ഒരു ഞൊടി കണ്ടിരുന്നു, ആ നിഴൽ അപ്പോഴും മുന്നിൽ പോയ്കൊണ്ടിരിക്കുന്നു.. അതേ.. ജീവിതം ഒരു ചതുരംഗക്കളം തന്നെ; നിഴലുകൾ പടവെട്ടിക്കളിക്കുന്ന കളം!



അരിതാ സുരാഷ്
8592860873

# പ്രണാമം..

**ജാനകി വാസു മെമ്മോറിയൽ**



കളപ്പുരയ്ക്കൽ ഹൗസ്,
ശങ്കരയ്യ റോഡ്.

**അന്തിക്കാട് ഗോപാലൻ & കാർത്ത്യായനി മെമ്മോറിയൽ**



അന്തിക്കാട് ഹൗസ്,
ശങ്കരയ്യ റോഡ്.



**കൊടിയൻ മൈക്കിൾ മെമ്മോറിയൽ**



കൊടിയൻ ഹൗസ്,
ശങ്കരയ്യ റോഡ്.


**എ.എസ്. പ്രഭാകരൻ മെമ്മോറിയൽ**

വെയ്റ്റ് ലിഫ്റ്റിങ്ങ് നാഷണൽ ചാമ്പ്യൻ &
മിസ്റ്റർ ഇന്ത്യ(സിവിൽ സർവീസ്)

അന്തിക്കാട് ഹൗസ്,
ശങ്കരയ്യ റോഡ്.



**കുറുവത്ത് ശ്രീധരൻ മെമ്മോറിയൽ**



കുറുവത്ത് ഹൗസ്,
ശങ്കരയ്യ റോഡ്.


**പണ്ടാരപറമ്പിൽ സോമൻ മെമ്മോറിയൽ**



പണ്ടാരപറമ്പിൽ ഹൗസ്,
ശങ്കരയ്യ റോഡ്.

**ഗോപാലൻ നായർ മെമ്മോറിയൽ**

ഹോട്ടൽ മോഹൻ,
കേരളവർമ്മ കോളേജ്
സ്റ്റോപ്പ്, കാനാട്ടുക്കര.



**കെ.കെ. ബാലകൃഷ്ണൻ മെമ്മോറിയൽ**

റിട്ട. ജയിലർ, സെൻട്രൽ പ്രിസൺ, വിയ്യൂർ.

കണ്ടംകുളത്തിൽ ഹൗസ്,
ശങ്കരയ്യ റോഡ്.



**പുലിക്കോട്ടിൽ ജോസ് മെമ്മോറിയൽ**



പുലിക്കോട്ടിൽ ഹൗസ്,
നെല്ലിക്കുന്ന്.

**ആനി തോമസ് മെമ്മോറിയൽ**

അരിമ്പുക്കാരൻ ഹൗസ്,
മരിയാപുരം, അഞ്ചേരി




**കണ്ടംകുളത്തിൽ നാരായണൻ & വാസു മെമ്മോറിയൽ**



കെ.വി.എൻ. റേഡിയേറ്റേഴ്സ്,
പടിഞ്ഞാറേ കോട്ട.
9847014904, 9746962929



**ബാലൻ മേനോൻ മെമ്മോറിയൽ**



ഇടശ്ശേരി ഹൗസ്,
കോട്ടപ്പുറം.

2nd to 10th
അൺറേറ്റഡ്
# അവാർഡ്സ്

ഗ്രീറ്റിംഗ്സ്....

സ്പോൺസേർഡ്







സ്റ്റേറ്റ് ലെവൽ

28-April-2024

# ശങ്കരയ്യ റോഡ് സമ്മർ 4 ചെസ്സ് ടൂർണമെന്റ്

SSCT

Digital Film Makers' Forum 598/IV/2010

Journal Vol-1

ഗ്രീറ്റിംഗ്സ്....

2nd to 10th

അണ്ടർ 15

## അവാർഡ്സ്

സ്പോൺസേർഡ്


**Career Launcher**

**Life is like a game of chess.**
you cannot undo the moves but
you can make the next step better

AFTER 10TH

**IPM**
INTEGRATED PROGRAM IN MANAGEMENT
All- India IPM 2022 Results
IIM- Indore: 69 selections
IIM- -Rohtak: 47 selections

**CLAT**
COMMON LAW ADMISSION TEST
7/10 Top Ranks in 2023
top ranks in CLAT for 16
concecutive years

**CAT**
DEGREE STUDENTS
COMMON ADMISSION TEST
1 OUT OF 3 Call getters from IIMs A,B & C in CAT 2022

**BOOK A DEMO!**

9074-16-2255
9074-41-2255

Career Launcher Campus
Jyothi Complex 2nd Floor
near Kerala Bank
West- Fort, Thrissur

**crown aquarium**
Tropical Fishes & All Aquarium Goods
Sankarayya Road, 8129638000, 8129758000

**ഹോട്ടൽ നന്ദനം**
കേരളവർമ്മ കോളേജ്
സ്റ്റോപ്പ്, കാനാട്ടുക്കര.
വെജി. & നോൺ വേജ് - 9447381445

**ഐശ്വര്യ സ്റ്റോഴ്സ്,**
ലേഡീസ് ഫാൻസി, പ്രസന്റേഷൻ etc
നിയർ ബിന്ദു തിയ്യറ്റേഴ്സ് - 9847392405

**സുവർണ വസ്ത്രാലയ**
ടെക്സ്റ്റെയിൽസ് & റെഡിമെയ്ഡ്സ്
പടിഞ്ഞാറെ കോട്ട. 9895086914

# നിഹാൽ..!
## ലോക ചെസ്സിന് തൃശൂരിന്റെ ചെക്ക്

ഭാസി പാങ്ങിൽ
9946108601





മാഗ്നസ് കാൾസനുമായി നിഹാലിന്റെ ആദ്യത്തെ നേർക്കുനേർ പോരാട്ടം. കഴിഞ്ഞ വർഷം, ഉസ്ബക്കിസ്ഥാനിലെ സമർകന്ദിൽ നടന്ന ലോക ബ്ളിറ്റ്സ് ചാംപ്യൻഷിപ്പിൽനിന്നും.

'ലോക യൂത്ത് ചെസ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാൻ, പത്തുവയസിനു താഴെയുള്ളവരുടെ ബ്ളിറ്റ്സ് ചെസ്സിലെ ലോക ചാമ്പ്യൻ, നിഹാൽ സരിൻ സ്പോൺസറെ തേടുന്നു.' ഇങ്ങനെയൊരു വാർത്ത കൃത്യം പത്ത് വർഷം മുമ്പ്, പത്രങ്ങളിൽ വന്നിരുന്നു.

ആ വർഷം സെപ്റ്റംബറിൽ, സൗത്താഫ്രിക്കയിലെ ഡർബനിൽ നടക്കുന്ന ചാമ്പ്യഷിപ്പിൽ മത്സരിക്കാൻ സ്പോൺസറെ അന്വേഷിക്കുന്നതായി, തൃശൂർ പ്രസ്ക്ളബിൽ നടന്ന 'മുഖാമുഖ' ത്തിലാണ്, നിഹാലും പിതാവ് ഡോ. എ. സരിനും പരിശീലകനും സംസ്ഥാന മുൻസീനിയർ ചാമ്പ്യനുമായ ഇ.പി. നിർമ്മലും വ്യക്തമാക്കിയത്.

'ലോക നിലവാരത്തിലുള്ള പ്രകടനം പുറത്തെടുക്കാൻ ചിട്ടയായ, മികച്ച പരിശീലനംവേണം. അതിന്, ഭാരിച്ച പണച്ചെലവുണ്ട്. സർക്കാരോ സ്ഥാപനങ്ങളോ ലക്ഷങ്ങൾ മുടക്കിയാൽ മാത്രമേ പരിശീലനം പൂർത്തിയാക്കാനും ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാനും കഴിയൂ. കോച്ചിന്റെ നേരിട്ടുള്ള സാന്നിദ്ധ്യമില്ലാതെ ഓൺലൈൻ കോച്ചിംഗിലൂടെയാണ്, രണ്ട് അന്താരാഷ്ട്ര മത്സരങ്ങളിലും നിഹാൽ പരിശീലനം നടത്തിയത്. ബാങ്ക് ഓഫ് ഇന്ത്യ ചെലവുകൾ വഹിക്കാമെന്നേറ്റതുകൊണ്ടാണ് ഈ നേട്ടങ്ങൾ സാദ്ധ്യമായത്. കേന്ദ്ര സ്പോർട്സ് മന്ത്രാലയത്തിന് അപേക്ഷ സമർപ്പിച്ച് കാത്തിരിക്കുകയാണ്.' ഇങ്ങനെ പോകുന്നു ആ വാർത്ത.

ഉസ്ബക്കിസ്ഥാനിൽ നടന്ന ഏഷ്യൻ യൂത്ത് ചെസ്സ് ചാ മ്പ്യൻഷിപ്പിൽ റാപ്പിഡ്, ബ്ളിറ്റ്സ് അണ്ടർ-10 വിഭാഗത്തിൽ ജേതാവായ നിഹാലിന്, അഞ്ചാം ക്ലാസ് വിദ്യാർത്ഥിയായിരിക്കെ, ഫിഡെ റേറ്റിംഗ് നേടുന്ന കേരളത്തിലെ ഏറ്റവും പ്രായം കുറഞ്ഞ താരമെന്ന ബഹുമതിയുണ്ടായിരുന്നു. നാലാം ക്ലാസിലായിരുന്നപ്പോഴാണ്, ചെന്നൈയിൽ നടന്ന അണ്ടർ9 മത്സരത്തിൽ ചാമ്പ്യനായത്. ഇതിൻറെ അടിസ്ഥാനത്തിലാണ്, ഡർബനിൽ ഇന്ത്യയെ പ്രതിനിധീകരിക്കാൻ തിരഞ്ഞെടുക്കപ്പെട്ടത്.

പ്രായത്തെ വെല്ലുന്ന ഓർമ്മശക്തിയും ചെസ് പുസ്തകങ്ങളിലുള്ള അറിവും നിഹാലിനുണ്ടെന്ന് അന്നേ ലോകം സാക്ഷ്യപ്പെടുത്തി. റെക്കാഡുകളുടെ നീണ്ട പട്ടികയിൽ ഇടം നേടി.

മാത്യു പി.ജോസഫാണ് ആദ്യത്തെ പരിശീലകൻ. പ്രൊഫ. എൻ. ആർ. അനിൽകുമാർ, സി. ടി. പത്രോസ്, കെ. കെ. മണികണ്ഠൻ തുടങ്ങി ഇന്റർനാഷണൽ മാസ്റ്റർ വർഗീസ് കോശിയും ഉക്രേനിയൻ ഗ്രാൻഡ് മാസ്റ്റർ ദിമിത്രി കൊമറോവും നിഹാലിനെ പരിശീലിപ്പിച്ചിട്ടുണ്ട്.

തൻറെ സ്വദേശമായ പൂത്തോളിന് അടുത്തുള്ള ശങ്കരയ്യ റോഡിൽ നടന്നുവരാറുള്ള പൂജാ ചെസ്സ് ടൂർണമെന്റ് ഉൾപ്പെടെ, കേരളത്തിലെ അങ്ങോളമിങ്ങോളമുള്ള നിരവധി ടൂർണമെൻറുകളിൽ പങ്കെടുത്ത അനുഭവസമ്പത്തും ലോക ചെസിന്റെ കൊടുമുടിയിലേക്കുള്ള പ്രയാണത്തിൽ നിഹാലിനൊപ്പമുണ്ട്.

**ഭാസി പാങ്ങിൽ:** പത്രപ്രവർത്തകൻ, ബാലസാഹിത്യകാരൻ. ഔഷധസസ്യങ്ങളുമായി ബന്ധപ്പെട്ട ലേഖനത്തിന്, കേരള സംസ്ഥാന ഔഷധസസ്യ ബോർഡിന്റെ 'ഔഷധകേരളം മാദ്ധ്യമ പുരസ്കാരം', കോവിഡ് രോഗപ്രതിരോധത്തിൽ 'ആയുർവേദത്തിൻറെ സമർത്ഥമായ ഇടപെടലുകൾ' എന്ന ലേഖനത്തിന്, ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ മാദ്ധ്യമ പുരസ്കാരം, പത്രപ്രവർത്തകർക്കുള്ള പ്ലാറ്റൂൺ പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്. പ്രമുഖ സാഹിത്യകാരൻ പാങ്ങിൽ ഭാസ്കരന്റെ മകനാണ്. ഭാര്യ: ഡോ. അമൃത. മക്കൾ: ആര്യവർദ്ധൻ, ആര്യശ്രീധി. നിലവിൽ, കേരള കൗമുദി ദിനപത്രത്തിന്റെ തൃശ്ശൂർ ബ്യൂറോ ചീഫാണ്.




## ഒരു സിൽവർ ജൂബിലിക്കാഴ്ച:

അന്താരാഷ്ട്ര കറസ്പോണ്ടൻസ് ചെസ്സ് മാസ്റ്റർ പദവി നേടിയ ആദ്യത്തെ ഇന്ത്യക്കാരനും ചെസ്സ് ഒളിമ്പ്യാഡിൽ പങ്കെടുത്ത മലയാളിയുമായ പ്രൊഫ. എൻ.ആർ. അനിൽകുമാറിന്, അന്താരാഷ്ട്ര കറസ്പോണ്ടൻസ് ചെസ്സ് മാസ്റ്റർ പദവി ലഭിച്ചതിനെ തുടർന്ന്, രണ്ടായിരാമാണ്ട് നവംബർ പന്ത്രണ്ടിന്, റെഡ് സ്റ്റാർ ക്ലബ്ബ് നല്കിയ സ്വീകരണം.

ക്ലബ്ബ് പ്രസിഡന്റ് സതീഷ് കളത്തിൽ പൊന്നാട അണിയിക്കുന്നു. ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറി ഡി. ബാലകൃഷ്ണൻ, വാർഡ് കൗൺസിലർ തിയ്യാടി ജയൻ, ക്ലബ്ബ് സെക്രട്ടറി വിദുരർ. ഇ.എം. എന്നിവർ സമീപം.

വുമൺ & വെട്രൻ
എക്സലൻസ്
# അവാർഡ്സ്

## വുമൺ അവാർഡ് സ്പോൺസേർഡ്



### കെ.എൻ. കോമളം മെമ്മോറിയൽ

കോമളാലയം,
കളത്തിൽ ഹൗസ്,
ശങ്കരയ്യ റോഡ്.

പ്രണാമം..🙏

## വെട്രൻ അവാർഡ് സ്പോൺസേർഡ്




### ടി. കെ. ജോസഫ് മെമ്മോറിയൽ

തച്ചുതറ ഹൗസ്,
കാനാട്ടുക്കര.

പ്രണാമം..🙏

## ബെസ്റ്റ് തൃശ്ശൂർ അവാർഡ് സ്പോൺസേർഡ്




## ബെസ്റ്റ് ചിൽഡ്രൻസ് കോച്ച് അവാർഡ് സ്പോൺസേർഡ്



## കവിത



# അറുപത്തിനാല് കള്ളികൾ

സുരേഷ് നാരായണൻ
8848195823



ഒരറ്റത്ത് രാജാവ്;
അനിമേഷ്യൻ, അധൃശ്യൻ.

മറ്റേയറ്റത്ത്;
ശ്വാസം മുട്ടുന്ന ശൂന്യത.

'ഞാനന്നേ പറഞ്ഞതല്ലേ...,
ഒരു രാജ്യം
ഒരു കളി
ഒരേയൊരു ജേതാവ്.'

അട്ടഹാസം... അതങ്ങനെ തുടരുന്നു;
ഒരു വാഹന മുരൾച്ച കേട്ടു തുടങ്ങും വരെ.
സാവധാനം, മറ്റേയറ്റത്തെത്തി
അത് ബ്രേക്കിട്ടു.

ഒരു ട്രാക്ടർ.
അതിൽനിന്നയാൾ ഇറങ്ങിവന്നു.
മുണ്ടുമുറുക്കിയുടുത്ത് മുമ്പിലിരുന്നു.

"നീയാര്?" ഗർജനം മുഴങ്ങി.
"ഞാൻ പ്രജ." കാലാൾ.

"തെളിവെന്ത്?"
"തെളിവുകൾ...?"


അയാൾ പുറം തിരിഞ്ഞു നിന്നു.
അറുപത്തിനാല് കള്ളികൾ...
മുറിഞ്ഞ കള്ളികൾ...
മുള്ളുകൾ... മുറിവുകൾ...
മുറിവുകൾ... മുള്ളുകൾ...

'ആരംഭിക്കലാമാ?'
ഈച്ചകളെ
ആട്ടിയകറ്റിക്കൊണ്ട് അയാൾ തിരിഞ്ഞു.

**സുരേഷ് നാരായണൻ:** വൈക്കം വെള്ളൂർ സ്വദേശി. ഡൽഹി ധനലക്ഷ്മി ബാങ്ക് റീജണൽ ഓഫീസിൽ ഉദ്യോഗം. മുഖ്യധാരാ പത്രങ്ങളിലും ആനുകാലികങ്ങളിലും സോഷ്യൽ മീഡിയകളിലും കവിതകളും കഥകളും ലേഖനങ്ങളുമായി സജീവം.

'**വയലിൻ പൂക്കുന്ന മരം**' എന്ന ആദ്യത്തെ കവിതാ സമാഹാരത്തിന് 'ആഴ്ചപതിപ്പ്' മാസികയുടെ പ്രഥമ കാവ്യപുരസ്കാരം ലഭിച്ചു. രണ്ടാമത്തെ കവിതാ സമാഹാരമായ '**ആയിരം ചിറകുകളുടെ പുസ്തകം**' ചിറകുകളുടെ ആകൃതിയിലാണു ഡിസൈൻ ചെയ്തിരിക്കുന്നത്. കവി ഡി. വിനയചന്ദ്രൻറെ സ്മരകാർത്ഥം ഏർപ്പെടുത്തിയ പ്രഥമ പ്രണയകവിതാ പുരസ്കാരം ഈ കൃതിക്കു ലഭിച്ചു.





2000 - ഏഴാം വർഷ പൂജാ ചെസ്സ് ടൂർണമെന്റ് സമ്മാനദാനം:




സ്വാഗതം: ദീപക് കെ. ഡി, മെമ്പർ, റെഡ് സ്റ്റാർ ക്ലബ്ബ്



മുഖ്യപ്രഭാഷണം: ഡി. ബാലകൃഷ്ണൻ,
സെക്രട്ടറി, ജില്ലാ സ്പോർട്സ് കൗൺസിൽ




ഉദ്ഘാടന പ്രസംഗം: സി. രാധാകൃഷ്ണൻ, മേയർ, തൃശ്ശൂർ

## സമ്മാനദാനം: സി. രാധാകൃഷ്ണൻ, മേയർ, തൃശ്ശൂർ

















സ്റ്റേറ്റ് ലെവൽ ശങ്കരയ്യ റോഡ് സമ്മർ ചെസ്സ് ടൂർണമെന്റ്
28-April-2024
Digital Film Makers' Forum 598/IV/2010
SSCT
Journal Vol: 1

എഴുത്തുമുറി

## അഭിമുഖം

### ഏ.പി. ജോഷി/ സതീഷ് കളത്തിൽ


SSCT SPORTS JOURNAL SPECIAL 2024

# ഏഷ്യൻ സൗന്ദര്യശാസ്ത്രത്തിൽ ശങ്കരയ്യ റോഡിന്റെ കയ്യൊപ്പ്!

**ദേശീയതലത്തിലും അന്തർദേശീയതലത്തിലും നിരവധി മത്സരങ്ങൾ... അംഗീകാരങ്ങൾ... ബോഡി ബിൽഡിങ്ങിലും ശരീരസൗന്ദര്യമത്സരങ്ങളിലും(പോസിംഗ്) ശ്രദ്ധേയനായ തൃശ്ശൂർ ശങ്കരയ്യ റോഡിലെ ഏ.പി. ജോഷി എന്ന അന്തിക്കാട് വീട്ടിൽ ജോഷിയുമായി കവിയും ചലച്ചിത്ര സംവിധായകനുമായ സതീഷ് കളത്തിൽ നടത്തിയ അഭിമുഖം.**



ഏ.പി. ജോഷി



സതീഷ് കളത്തിൽ

● ഒരു ക്ളീഷേ ചോദ്യത്തിൽ നിന്നും തന്നെ തുടങ്ങാം. ഈ മേഖലയിലെ പ്രചോദനം/ ഗുരു?

പൊതുവെ, മക്കളുടെ റോൾമോഡലുകൾ അവരുടെ അച്ഛനമ്മമാർ/ രക്ഷിതാക്കൾ ആണെന്ന് പറയാറുണ്ടല്ലോ. എന്റെ കാര്യത്തിലും അതു തന്നെയാണു സംഭവിച്ചത്. എന്റെ അച്ഛനും ദേശീയതലത്തിൽ അറിയപ്പെടുന്ന ബോഡി ബിൽഡിങ്ങ് താരമായിരുന്നു. അച്ഛൻ മാത്രമല്ല, അച്ഛന്റെ ചേട്ടന്റെ മക്കളായ സുരേഷ് ബാബു, കരുണപ്രകാശ് എന്നിവരും ഈ മേഖലയിൽ ഉണ്ടായിരുന്നു. ഞാൻ വളർന്നത് ഇവരെ കണ്ടാണ്.
ഞാൻ ജനിച്ച സമയത്ത്, അച്ഛൻ പഞ്ചാബിലെ ലുധിയാനയിൽ ഒരു മത്സരത്തിൽ പങ്കെടുത്തുകൊണ്ടിരിക്കുകയായിരുന്നു.

അച്ഛൻ ഏ.എസ്. പ്രഭാകരൻ, തൃശ്ശൂർ മുനിസിപ്പാലിറ്റിയിൽ ലൈൻമാനായിരുന്നു. ഓവർസീറായിട്ടാണ് വിരമിച്ചത്. എഴുപതുകളിലും എൺപതുകളിലും ഒക്കെ അച്ഛൻ വെയ്റ്റ് ലിഫ്റ്റിങ്ങ്, ബോഡി ബിൽഡിങ്ങിൽ കേരളത്തെ പ്രതിനിധീകരിക്കുന്ന ഇന്ത്യൻ താരമായിരുന്നു. ഇന്ത്യൻ ഗവ. ഡിപ്പാർട്ടുമെന്റുകളിൽ നിന്നുള്ള ഉദ്യോഗസ്ഥന്മാർക്കുവേണ്ടി നടത്തുന്ന സിവിൽ സർവീസ് മത്സരങ്ങളിൽ ഉൾപ്പെടെ നിരവധി തവണ അദ്ദേഹം 'മിസ്റ്റർ ഇന്ത്യ' ചാമ്പ്യൻഷിപ്പ് നേടിയിട്ടുണ്ട്.

● കരിയറിന്റെ തുടക്കം?

ചെറുപ്പത്തിലെ കൊച്ചു കൊച്ചു ട്രൈനിംഗുകൾ അച്ചൻ തരുമായിരുന്നു. അതിരാവിലെയുള്ള ഓട്ടം, പുഷ്- അപ്പ്, പുൾ- അപ്പ്, സ്ട്രെച്ചിങ്ങ് തുടങ്ങിയ എക്സർസൈസുകൾ. അതൊന്നും എന്നെയൊരു ബോഡി ബിൽഡറാക്കണമെന്നുള്ള താല്പര്യംകൊണ്ടൊന്നുമല്ല. അച്ഛൻ ചെയ്യുന്നതു കണ്ട് ഞാനും ചെയ്യാൻ തുടങ്ങി. എനിക്കും ഇതിൽ ജ്വരം ഉണ്ടെന്നു തോന്നിയപ്പോൾ അച്ഛനെന്നെ കോട്ടപ്പുറം ഓവർബ്രിഡ്ജിനുതൊട്ടുള്ള അയ്യരുടെ ജിംനേഷ്യത്തിൽ ചേർത്തു. പണ്ടത്തെ തൃശ്ശൂരിലെ ഏറ്റവും പ്രസിദ്ധമായ ജിംനേഷ്യമായിരുന്നു, യു.ആർ. അയ്യേഴ്സ് ജിംനേഷ്യം. അച്ഛനും ഇവിടെയാണ് ട്രെയ്നിങ്ങ് നടത്തിയിരുന്നത്. അന്നൊക്കെ ഇതിനുള്ള സൗകര്യങ്ങൾ വീട്ടിലില്ലായിരുന്നു.

അയ്യരുടെയടുത്തു ചെല്ലുമ്പോൾ, എനിക്ക് 16 വയസാണ്. ഒന്നുരണ്ട് മാസത്തോളമാണ് അവിടെ പ്രാക്ടീസ് ചെയ്തത്. അതിനുശേഷം ഒളരിയിലുള്ള മേഘ ജിംനേഷ്യത്തിൽ ചേർന്നു. അയ്യരുടെ അവിടത്തെ ചില സീനിയേഴ്സാണ് എന്നെ അവിടേക്കു വിട്ടത്. എന്റെ ശരീരം വെയ്റ്റ് ലിഫ്റ്റിങ്ങിനു സാദ്ധ്യതകളുള്ളതാണെന്ന് അവരാണു പറഞ്ഞത്. അയ്യരുടെ അവിടെ പവർ ലിഫ്റ്റിങ്ങായിരുന്നു കൂടുതൽ.

● അവിടത്തെ അനുഭവം?

മേഘയിൽ, അച്ഛന്റെയൊരു സുഹൃത്തുണ്ടായിരുന്നു,എം.കെ. ജോസ്. പൂങ്കുന്നത്തായിരുന്നു താമസം. അദ്ദേഹമന്ന്, സിൻഡിക്കറ്റ് ബാങ്കിന്റെ തൃശ്ശൂർ മെയിൻ ബ്രാഞ്ചിൽ മാനേജർ ആയിരുന്നു. നാഷണൽ ബോഡി ബിൽഡർ ചാമ്പ്യനായിരുന്നു. അമേരിക്കയിൽ നടന്ന പവർ ലിഫ്റ്റിങ്ങ് ചാമ്പ്യൻഷിപ്പിൽ വെങ്കലം ലഭിച്ചിട്ടുണ്ട്.











ജെ.സി.ടി. മിൽക്ക്സിൽ ജോഷി പരിശീലനം ചെയ്തിരുന്ന സമയത്ത്, റൂം മേറ്റും പരിശീലന പങ്കാളിയുമായിരുന്ന 'ദ ഗ്രേറ്റ് ഖലി' ദിലീപ് സിംഗ് റാണയ്ക്കൊപ്പം. റെസ്‌ലിംഗിൽ വേൾഡ് ചാമ്പ്യനും ബോഡി ബിൽഡിങ്ങിൽ മിസ്റ്റർ ഇന്ത്യയുമായിരുന്നു ഖലി.



മിസ്റ്റർ യൂണിവേഴ്സ് ബോഡി ബിൽഡർ അഹമ്മദ് ഹമൂദ ജോഷിയുടെ വീട്ടിൽ സന്ദർശനം ചെയ്ത വേളയിൽ. സമീപം, ജോഷിയുടെ അച്ഛൻ പ്രഭാകരൻ, മകൾ യുക്ത.




2004ൽ, ചെന്നൈയിൽ നടന്ന ഇന്ത്യൻ റെയിൽവേയുടെ മിസ്റ്റർ ഇന്ത്യ മത്സരത്തിൽ നിന്നും. മത്സരത്തിൽ ജോഷി ചാമ്പ്യൻ പട്ടം നേടി. ഡൽഹി റെയിൽവേയിലെ ശിവ(വലത് വശം) രണ്ടാം സ്ഥാനത്തെത്തി.



2021ൽ, പൂനയിൽ നടന്ന മിസ്റ്റർ ഇന്ത്യ മത്സരത്തിൽ ജഡ്ജി യായിരുന്നപ്പോൾ.

**95ലാണ്, 'മിസ്റ്റർ ഇന്ത്യ' മത്സരത്തിൽ പങ്കെടുക്കുന്നത്, കൊൽക്കത്തയിൽവെച്ച്. അതേ വർഷംതന്നെ, തിരുവനന്തപുരത്തു നടന്ന ജൂനിയർ വിഭാഗം മത്സരത്തിൽ 'മിസ്റ്റർ കേരള' യായിരുന്നു. കൊൽക്കത്തയിലെ മത്സരം സംഘടിപ്പിച്ചത്, ഇന്ത്യൻ പ്രതിരോധ മന്ത്രാലയത്തിന്റെ കീഴിലുള്ള ഓർഡിനൻസ് ഫാക്ടറീസ് സെർവീസ് (IOFS) ആണ്. ആ മത്സരത്തിൽ, ബെസ്റ്റ് പോസിംഗ് അവാർഡ് ലഭിച്ചു.**

എന്റെ കരിയർ ആരംഭിക്കുന്നത്, അദ്ദേഹത്തിന്റെ ശിക്ഷണത്തിലൂടെ, മേഘയിൽ നിന്നാണ്. അച്ഛൻ കഴിഞ്ഞാൽ, അദ്ദേഹമാണ് എന്റെ വഴികാട്ടിയും ഗുരുവും.

മേഘയിലെത്തി ആറേഴ് മാസങ്ങൾക്കുള്ളിൽതന്നെ ഒരു മത്സരത്തിൽ പങ്കെടുക്കാനുള്ള ട്രെയ്നിങ് അദ്ദേഹമെനിക്കു തന്നു. 1992ലാണ്, ശ്രീ കേരളവർമ്മ കോളേജിൽ പ്രീഡിഗ്രി സെക്കന്റ് ഇയറിൽ പഠിക്കുന്നു. ജില്ലാ തലത്തിലായിരുന്നു മത്സരം. തൃശ്ശൂർ സ്പോർട്സ് കൗൺസിലിന്റെ അപ്രൂവലോടെ, ബോഡി ബിൽഡ് അസോസിയേഷൻ ഓഫ് തൃശ്ശൂർ ആണ് നടത്തിയത്. മേഘയായിരുന്നു സംഘാടകർ. ആ മത്സരത്തിൽ, സബ് ജൂനിയർ വിഭാഗത്തിൽ എനിക്കായിരുന്നു ചാമ്പ്യൻഷിപ്. എന്റെ കന്നി മത്സരവും കന്നി ജയവും അതാണ്.

അതേ വർഷംതന്നെ, കൊല്ലം പറവൂരിൽ നടന്ന മിസ്റ്റർ കേരള മത്സരത്തിലെ സബ് ജൂനിയർ വിഭാഗത്തിൽ എനിക്കായിരുന്നു മൂന്നാം സ്ഥാനം.

● ബോഡി ബിൽഡിങ്ങിലെ സ്പോർട്ടിങ് സ്പിരിറ്റ് തിരിച്ചറിഞ്ഞത് ഇതോടുകൂടിയായിരുന്നോ?

അല്ല. അത്, പറവൂരിലെ മിസ്റ്റർ കേരള മത്സരത്തിലാണ് ഉറപ്പിച്ചത്. അന്നെന്റെ പതിനാറാം വയസിൽ, സബ് ജൂനിയർ വിഭാഗത്തിൽ ഞാൻ ഏറ്റുമുട്ടിയത് മുപ്പതും മുപ്പത്തഞ്ചും വയസായ ആളുകളോടായിരുന്നു. വയസ് തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ തിരുത്തിയാണ് അത്തരക്കാർ പങ്കെടുത്തത്. അക്കാലങ്ങളിൽ അതൊക്കെ സർവ്വസാധാരണമായിരുന്നുവെന്നു പിന്നീടാണു മനസിലായത്. എന്നിട്ടും, എനിക്കു മൂന്നാമതെത്താനായി.



1994ലെ സബ് ജൂനിയർ ചാമ്പ്യൻഷിപ്പിൽ മിസ്റ്റർ തൃശ്ശൂർ ആയപ്പോൾ കേരളത്തിൽ നിന്നുള്ള ആദ്യത്തെ മിസ്റ്റർ ഇന്ത്യയും സിനിമാ നടനുമായ അബു സലിമിൽനിന്നും പുരസ്കാരം വാങ്ങുന്നു.

അതൊരു നല്ല കോൺഫിഡൻസ് എന്നിൽ ഉണ്ടാക്കി.

പിന്നീട്, 94ൽ ഡിഗ്രി കാലത്ത്, പാലക്കാട് നടന്ന മിസ്റ്റർ കേരള സബ് ജൂനിയർ മത്സരത്തിൽ, സബ് ജൂനിയർ 'മിസ്റ്റർ തൃശ്ശൂർ' ഞാനായിരുന്നു. പോസിങ്ങിലും അവാർഡ് എനിക്കായിരുന്നു. അവിടംതൊട്ടാണ്, പോസിങ്ങിൽ ഞാൻ ശ്രദ്ധ കേന്ദ്രീകരിക്കാൻ തുടങ്ങിയത്.

● മിസ്റ്റർ കേരളയ്ക്കുശേഷം, മിസ്റ്റർ ഇന്ത്യയിലേക്കുള്ള ചുവടുവെപ്പ് ?

95ലാണ് ആദ്യമായി 'മിസ്റ്റർ ഇന്ത്യ' മത്സരത്തിൽ പങ്കെടുക്കുന്നത്, കൊൽക്കത്തയിൽവെച്ച്. അതേ വർഷംതന്നെ, തിരുവനന്തപുരത്തു നടന്ന ജൂനിയർ വിഭാഗം മത്സരത്തിൽ 'മിസ്റ്റർ കേരള' യായി തെരഞ്ഞെടുക്കപ്പെട്ടിരുന്നു. കൊൽക്കത്തയിലെ മത്സരം സംഘടിപ്പിച്ചത്, ഇന്ത്യൻ പ്രതിരോധ മന്ത്രാലയത്തിന്റെ കീഴിലുള്ള 'ഓർഡിനൻസ് ഫാക്ടറീസ് സെർവീസ് (IOFS) ആണ്. ആ മത്സരത്തിൽ, 'മിസ്റ്റർ ഇന്ത്യ' യായി. ബെസ്റ്റ് പോസിംഗ് അവാർഡും ലഭിച്ചു.





ഈഗിൾ പോസ്. ബോഡിഷോകളിൽ, ആരാധകരെ ഏറ്റവും ആകർഷിച്ചിരുന്ന ജോഷിയുടെ സ്പെഷ്യൽ ഐറ്റം. ക്ലാസിക്കലും കോംപ്ലിക്കേറ്റുമായ ജോഷിയുടെ ഇത്തരം പോസുകൾ ബോഡിബിൽഡിംഗ് മത്സരങ്ങളെ ജനകീയമാക്കുന്നതിൽ മുഖ്യ പങ്കുവഹിച്ചിട്ടുണ്ട്.

പഞ്ചാബിലെ അമൃത്സറിൽ, 96ൽ നടന്ന ചാമ്പ്യൻഷിപ്പിലും ഞാനായിരുന്നു മിസ്റ്റർ ഇന്ത്യ. ജൂനിയർ വിഭാഗത്തിലായിരുന്നു അത്. അതിനു മുൻപ്, 95ൽ, ആസാമിലെ ജോർഹട്ടിൽ നടന്ന മത്സരത്തിൽ സിൽവർ മെഡൽ ലഭിച്ചിരുന്നു. സതേൺ റെയിൽ വേയുടെ 96, 97, 2000, 2005, 2014, 2012, 2018 വർഷങ്ങളിലെ ബോഡി ബിൽഡിങ്ങ് ജൂനിയർ വിഭാഗം മിസ്റ്റർ ഇന്ത്യയായിരുന്നു. ഈ വർഷങ്ങളിലെ പോസിംഗ് ചാമ്പ്യൻഷിപ്പും എനിക്കായിരുന്നു.

2000ലാണ് ആദ്യമായി സീനിയർ വിഭാഗത്തിൽ മിസ്റ്റർ ഇന്ത്യ ആകുന്നത്. 78കിലോ കാറ്റഗറിയിൽ. ബോംബയിലെ പരേമിക് എന്ന സ്ഥലത്ത്, ഇന്ത്യൻ റെയിൽവെയുടെ മത്സരമായിരുന്നു. ഞാനന്ന് റെയിൽവെയിലാണ്. അവിടെയും ബെസ്റ്റ് പോസർ അവാർഡ് എനിക്കായിരുന്നു.

● ഏഷ്യൻ ചാമ്പ്യൻഷിപ്പിന് ഇന്ത്യയെ പ്രതിനിധീകരിച്ച്, ദക്ഷിണ കൊറിയയുടെ തലസ്ഥാനമായ സിയോളിലെ ഒളിമ്പിക്സ് സ്റ്റേഡിയത്തിൽ കാലെടുത്തുവെച്ചപ്പോൾ എന്തായിരുന്നു മനസ്സിൽ?

'ഏഷ്യൻ ചാമ്പ്യൻഷിപ്പിനു തിരഞ്ഞെടുക്കപ്പെട്ടു' എന്ന് അറിഞ്ഞ ആ നിമിഷത്തിൽ ഞാൻ അനുഭവിച്ച ആഹ്ലാദമാണ് അതിൽ എടുത്തുപറയേണ്ട കാര്യം. മറ്റു വിജയങ്ങളെപോലെ, യാത്രകളെപോലെയല്ല സിയോളിലേക്കുള്ള ആ യാത്ര. അത്, ഇന്ത്യയ്ക്കു പുറത്തോ അന്താരാഷ്ട്രതലത്തിലോ ആയതുകൊണ്ടും അല്ല.

മൂന്ന് കാര്യങ്ങളാണ്, അന്നനുഭവിച്ച ആഹ്ലാദത്തിന്റെയും അഭിമാനത്തിന്റെയും അളവ് പറഞ്ഞറിയിക്കാനുള്ളത്. അതിൽ, പ്രധാനപ്പെട്ട കാര്യം, എന്റെയറിവിൽ ഇന്നുവരെ, ബോഡി ബിൽഡിംഗുമായി ബന്ധപ്പെട്ട്, കേരളത്തിൽനിന്നും ആരും അവിടംവരെ എത്തിയിട്ടില്ല.

മറ്റൊന്ന്, ഇരുപതാമത്തെ വയസിനുള്ളിലാണ് ഈ ഭാഗ്യം എനിക്കു ലഭിക്കുന്നത്. അതൊരു ചരിത്രമാണ്. ഇന്നും തിരുത്തപ്പെട്ടിട്ടില്ല.

പിന്നെ, ഞാൻ ചെന്നെത്താൻ പോകുന്നതോ, ലോകത്തിലെ രണ്ട് വമ്പൻ ട്രാക്ക് ആന്റ് ഫീൽഡ് കായികതാരങ്ങൾ പടവെട്ടിയ, ലോകമെമ്പാടുമുള്ള കായിക പ്രേമികളെ ഉത്തേജനം കൊള്ളിച്ച ഒരു ട്രാക്കിലേക്കും. ഇതിഹാസപോരാട്ടമായി വാഴ്ത്തപ്പെടുന്ന,1988ലെ കാൾ ലൂയിസ് – ബെൻ ജോൺസൻ ഓട്ടമത്സരം, സിയോളിനെ അന്നത്തെ യുവക്കൾക്കിടയിൽ അത്രയ്ക്കും പോപ്പുലറാക്കിയിരുന്നല്ലോ. ആ ചരിത്ര സ്റ്റേഡിയം നേരിൽ കാണാൻ കഴിയുക എന്നതു തന്നെ വലിയ ഭാഗ്യമാണ്.

തന്നെയുമല്ല, 1996ലെ ആ മത്സരത്തിൽ, ജൂനിയർ വിഭാഗത്തിൽ, ഏഷ്യയിലെ അഞ്ചാമത്തെ ബോഡി ബിൽഡർ ആകാനും കഴിഞ്ഞു.

● സിയോളിലേക്കുള്ള ഈ ചരിത്ര യാത്രയിൽ, മറക്കാൻ കഴിയാത്ത അനുഭവങ്ങൾ?

അതൊരുപാടുണ്ട്. ഏതൊരു പ്രൊഫഷനിലുമുള്ളതുപോലെതന്നെ, നമ്മൾ മുൻകയ്യെടുത്തു നടത്തേണ്ട പ്രയത്നങ്ങൾ... അനുഭവിക്കേണ്ടിവരുന്ന ഇകഴ്ത്തലുകൾ... തിരസ്ക്കരണങ്ങൾ... മുന്നേറുന്ന ഓരോ ഘട്ടങ്ങളിലുമുണ്ടാകുന്ന ആശങ്കകൾ... പിരിമുറുക്കങ്ങൾ... അങ്ങനെ പലതും. അതിനെയെല്ലാം അതിജീവിച്ചു നമ്മൾ വിജയിച്ചുതുടങ്ങുന്ന സ്റ്റേജിൽനിന്നും അതെല്ലാം അപ്രസക്തമാകും.

പിന്നീട്, ലഭിക്കുന്ന പ്രചോദനങ്ങളിലേക്കും അംഗീകാരങ്ങളിലേക്കും സഹായഹസ്തങ്ങളിലേക്കുംമറ്റുമായി നമ്മുടെ ശ്രദ്ധ തിരിയും. അവിടംതൊട്ടാണ്, നമ്മളൊരു പ്രൊഫഷണലായി മാറുന്നത്. ഇവിടെ പ്രസക്തമാക്കുന്ന രണ്ട് കാര്യങ്ങൾ പറയാം.

അന്ന്, ജോർഹാട്ടിലെ മത്സരവേളയിൽ, പദ്മശ്രീ പ്രേംചന്ദ് ദേഗ്ര വേദിയിലെത്തി എന്നെ അഭിനന്ദിക്കുകയുണ്ടായി. ഇന്ത്യയിലെ അന്നത്തെ ഏറ്റവും വലിയ സ്പോർസ് പ്രമോട്ടേർഴ്സ് ടീം ആയ ജെ.സി.ടി. മിൽക്ക്സിന്റെ തലപ്പത്തായിരുന്നു അന്നദ്ദേഹം. അദ്ദേഹമാണ് എന്നെ ജെ.സി.ടിയിൽ എത്തിച്ചത്.

കേരളത്തിന്റെ ഫുട്ബോൾ ഇതിഹാസതാരങ്ങളായ ഐ.എം. വിജയൻ, ജോപോൾ അഞ്ചേരി, ഇന്ത്യൻ ഫുട്ബോൾ ക്യാപ്റ്റൻ ബയൂചിങ് ബൂട്ടിയ തുടങ്ങിയ ആളുകൾ ജെ.സി.ടിയിൽ തിളങ്ങി നില്ക്കുന്ന കാലമായിരുന്നു അത്. അന്നെനിക്കു പ്രായം പത്തൊമ്പത്. ദേഗ്രയിൽനിന്നും ലഭിച്ച ശിക്ഷണങ്ങളും ജെ.സി.ടിയിലെ എക്സ്പീരിയൻസും മറ്റുമാണ്, സിയോളിലേക്കുള്ള വഴി എന്റെ മുന്നിൽ തുറന്നിട്ടത്.

ഓർക്കാനുള്ള പ്രോത്സാഹനങ്ങൾ ഒരുപാടുണ്ട്. ഈയൊരു അവസരത്തിൽ, അതിലെ ഒരു പ്രധാനപ്പെട്ട കാര്യംമാത്രം എടുത്തുപറയുകയാണ്. ഞാനാദ്യമായി മത്സരിച്ചതും ചാമ്പ്യനാകുകയും ചെയ്തത്, 92 ലെ ജില്ലാ സബ് ജൂനിയർ ചാമ്പ്യൻഷിപ്പിലായിരുന്നുവല്ലോ. അന്ന്, എന്റെ നാട് തന്ന സ്വീകരണമാണ് എനിക്കു ലഭിച്ച ആദ്യത്തെ പ്രോത്സാഹനം. അത്, സംഘടിപ്പിച്ചത്, ഈ അഭിമുഖം ചെയ്യുന്ന സതീശേട്ടനാണ്. ഡിവിഷൻ കൗൺസിലർ വിശ്വനാഥൻ അദ്ധ്യക്ഷനായിരുന്ന ആ വേദിയിൽ, DYFI ജില്ലാ സെക്രട്ടറി എ.ജി. വിജയനാണു പുരസ്കാരം സമ്മാനിച്ചത്.

● സിനി മേഖലയിൽ?

ഷാജി കൈലാസിന്റെ ശിവം, കുഞ്ചാക്കോ ബോബന്റെ സ്നേഹിതൻ, പദ്മശ്രീ സരോജ് കുമാർ തുടങ്ങിയ ചില സിനിമകളിൽ ചെറിയ സീനുകളിൽ അഭിനയിച്ചിട്ടുണ്ട്.

● ശങ്കരയ്യ റോഡിലെ ചെസ്സ് പ്രവർത്തനങ്ങളെക്കുറിച്ച്?

ശങ്കരയ്യ റോട്ടുക്കാരുടെ മുഖമുദ്രയാണ്, ചെസ്സ്. ഒരു കായിക താരമെന്ന നിലയിലും ശങ്കരയ്യ റോട്ടുക്കാരനെന്ന നിലയിലും അതിൽ ഞാൻ അഭിമാനിക്കുന്നു. ഞാൻ ജനിക്കുന്നതിനുമുൻപേ ഇവിടെ ചെസ്സുണ്ട്, ചെസ്സ് ടൂർണമെന്റുകളുണ്ട്. മറ്റിടങ്ങളിലെപോലെയല്ല, നാടിന്റെ ഒരു ഉത്സവം പോലെ, ആഘോഷപൂർവ്വമായാണ് ഇവിടെ ടൂർണമെന്റുകൾ നടത്തി വരുന്നത്. അച്ഛനുള്ളപ്പോൾ മുതൽ ഇതിൽ സഹകരിച്ചു വരുന്നു. ഇപ്പോൾ, ഞാനും അതു തുടർന്നു വരുന്നു.

● കുടുംബം?

അച്ഛൻ 2017ൽ മരിച്ചു. വാഹനാപകടമായിരുന്നു. വീടിനു മുന്നിലെ റോഡ് ക്രോസ് ചെയ്യുമ്പോൾ സംഭവിച്ചതാണ്. അമ്മയുണ്ട്, രാജി. ഭാര്യ: സന്ധ്യ. മക്കളിൽ, യുക്ത +2 വിലും നിയ അഞ്ചാം ക്ളാസിലും പഠിക്കുന്നു.


● മറ്റു വിശേഷങ്ങൾ?

ഇപ്പോൾ, ഷൊർണ്ണൂർ സ്റ്റേഷനിലെ ടിക്കറ്റ് എക്സാമിനർ ആണ്.

12 വർഷത്തോളം കേരള ബോഡി ബിൽഡേഴ്സ് അസോസിയേഷന്റെ സെക്രട്ടറിയായിരുന്നു. ഇപ്പോൾ, ഇന്ത്യൻ ബോഡി ബിൽഡേഴ്സ് ഫെഡറേഷന്റെ റെഫെറീയാണ്. തൃശ്ശൂർ ജില്ലാ സ്പോർട്സ് കൗൺസിലിൽ നോമിനിയാണ്. 20-ാം വയസിൽ റെയിൽവേയിൽ ജോലി കിട്ടി. ബോഡി ബിൽഡിങ്ങ് സ്പോർസിൽ അതൊരു ചരിത്രനേട്ടമാണ്. എനിക്കു മുന്നോ പിന്നോ ഈയൊരു സ്പോർട്സ് മേഖലയിലൂടെ ഈ പ്രായത്തിൽ സർക്കാർ ജോലി ആർക്കും കിട്ടിയതായി അറിയില്ല.

വീട്ടിൽ, അച്ഛൻ നടത്തിയിരുന്ന ഫിറ്റ്നെസ് സെന്റർ തുടരുന്നുണ്ട്. പലരെയും ചാമ്പ്യന്മാരാക്കാൻ സാധിച്ചു. മഞ്ജു വാര്യർ, ഇർഷാദ്, നരേൻ, ഭാവന, തുടങ്ങിയ സിനി ആർട്ടിസ്റ്റുകൾ ഈ ഫിറ്റ്നെസ് സെന്ററിലെ കസ്റ്റമേഴ്സായിരുന്നു. നരേനും ഞാനും കേരള വർമ്മയിലെ ക്ലാസ്മേറ്റ്സ് ആണ്.

# ഒരു ബ്ലാക്ക് ആൻഡ് വൈറ്റ് ടൂർണമെന്റോർമ്മ:



ബോബി ഫിഷർ ബോറിസ് സ്പാസ്കി

ആയിരത്തി തൊള്ളായിരത്തി എഴുപത്തിരണ്ടാമാണ്. ഞാനന്ന്, എട്ടാം ക്ലാസിൽ പഠിക്കുന്നു. ഇക്കാലത്താണ്, ബോബി ഫിഷർ എന്ന ചെസ്സ് മാന്ത്രികനെകുറിച്ചറിയുന്നത്. കൃത്യമായി പറഞ്ഞാൽ, ഐസ്‌ലാൻഡിൽ നടന്ന ഫൈനലിൽ റഷ്യക്കാരൻ ബോറിസ് സ്പാസ്കിയെ ഫിഷർ തോല്പിച്ചപ്പോൾ മുതലാണ്, ചെസ്സ് കളിക്കണമെന്ന ആഗ്രഹം ഉടലെടുക്കുന്നത്.

ഞങ്ങളുടെ ഗ്രാമത്തിലൊരു കലാസമിതിയുണ്ടായിരുന്നു. 'കാളിദാസകലാസമിതി'. ഫിഷറിനെപ്പറ്റി കേട്ടപ്പോൾ എല്ലാവർക്കും ചെസ്സ് കളിക്കാൻ മോഹം. ഒരു ബോർഡ് വാങ്ങി കളി തുടങ്ങി. കരുക്കളുടെ നീക്കത്തെ കുറിച്ച് ആർക്കുമറിയില്ല. ആദ്യം വെട്ടിമാറ്റിയത്, രാജാവിനെ!

ഒരു സായാഹ്നത്തിൽ സ്കൂളിലെ ഒരു മാഷ് ഞങ്ങൾ കളിക്കുന്ന വഴി വന്നു. രാജാവിനെ വെട്ടാൻ പറ്റില്ലെന്നും കരുനീക്കങ്ങൾ എങ്ങനെയാണെന്നും തുടങ്ങിയ ബാലപാഠങ്ങൾ അദ്ദേഹമാണു പഠിപ്പിച്ചത്.

എൻറെ ജ്യേഷ്ഠനും അദ്ദേഹത്തിൻറെ കൂട്ടുകാരനുമായിരുന്നു ഞങ്ങളുടെ ഗ്രൂപ്പിൽ സീനിയേഴ്സ്. അവരായിരുന്നു മിക്കവാറും ചെസ്സ് ബോർഡിനു മുൻപിൽ. ഉച്ചഭക്ഷണത്തിനോ മറ്റോ ഉള്ള അവരുടെ ഇടവേളകളിലായിരുന്നു ഞങ്ങൾ ജൂനിയേഴ്സിന്റെ പ്രാക്ടീസ്. അവരെത്തിയാൽ, ഞങ്ങളുടെ കളി തീരും. അവർ രണ്ടുപേരും പിന്നീട്, നാട്ടിലെ മികച്ച കളിക്കാരായി. ഇവരോടുള്ള വാശി തീർക്കാൻ ഒഴിവുസമയങ്ങളിൽ ഞാൻ ചെസ്സിൽ മുഴുകാൻ തുടങ്ങി. ആ 'വാശി' ലക്ഷ്യം കണ്ടു. അവരെ പലവട്ടം തോല്പിക്കാനും കഴിഞ്ഞു.

1976. ടൈപ്പ്റൈറ്റിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിക്കാൻ പോകുന്ന കാലം. ഒരു സ്റ്റേറ്റ് ലെവൽ ടൂർണമെൻറിൽ കളിക്കാനുള്ള അവസരം കിട്ടി. അന്നൊന്നും എൻട്രൻസ് ഫീ ഇല്ല. ഇന്നത്തെപോലെ, റാപ്പിഡ്/ ബ്ലിട്സ് കളികളുമില്ല. ക്ലാസിക് ചെസ്സ് മാത്രമാണുണ്ടായിരുന്നത്. ഒരു ക്രിക്കറ്റ് ടെസ്റ്റ് മാച്ച് പോലെയാണ്, ക്ലാസിക് ചെസ്സ്. ടെസ്റ്റ് ക്രിക്കറ്റിൽ പ്ലാനിങ്ങിനും നല്ല ബോളുകൾമാത്രം തിരഞ്ഞെടുക്കാനും ധാരാളം സമയമുണ്ട്. അതുപോലെയാണ്, ക്ലാസിക് ചെസ്സിലും. ചിന്തിക്കാനും കരുനീക്കങ്ങളെ അവലോകനം ചെയ്യാനും മറ്റും സമയം കിട്ടും. ടെൻഷൻ ഇല്ല. നമ്മുടെ കോൺഫിഡൻസ് ലെവൽ നഷ്ടപ്പെടില്ല.

ആ ടൂർണമെൻറിൽ ഒരു ദിവസം അന്നത്തെ കളി തീർന്നപ്പോൾ രാത്രി പന്ത്രണ്ട് മണി. വീട്ടിൽ അറിയിക്കാതെയാണ്, ടൂർണമെൻറിൽ പങ്കെടുത്തത്. വൈകുമെന്നു കരുതിയിരുന്നില്ല. എന്നും ക്ലാസ് കഴിഞ്ഞു നാലുനാലര മണിയോടെ വീട്ടിൽ എത്താറുള്ളതാണ്. അന്നെത്തിയപ്പോൾ, പുലർച്ചെ രണ്ട് മണി!

വീട്ടിൽ മണ്ണെണ്ണ വിളക്ക് കത്തുന്നുണ്ടായിരുന്നു. അപ്പനും അമ്മയും ഉറങ്ങിയിരുന്നില്ല. ചെസ്സ് കളിയ്ക്കുന്നതൊന്നും അപ്പന് ഇഷ്ടമുള്ള കാര്യമല്ല. അന്നെന്തോ അപ്പൻ നിശ്ശബ്ദനായിരുന്നു.

കാലത്ത് അമ്മ പറഞ്ഞു, "നിന്നെ കാണാതെ അപ്പൻ ഉറങ്ങാതിരിക്കുകയായിരുന്നു." എന്ന്. എപ്പോഴും ദേഷ്യക്കാരനായി മാത്രം കണ്ടിട്ടുള്ള അപ്പന്, സ്നേഹം എന്ന വികാരം കൂടി ഉണ്ടെന്ന് അന്നു മനസിലായി. കളിയിൽ ഫൈനൽ ജയിച്ചാണു ഞാൻ വന്നതെന്നറിഞ്ഞപ്പോൾ അപ്പന് ഒരഭിമാനമൊക്കെ തോന്നിയിട്ടുണ്ടെന്ന്, പിന്നീട്, പലപ്പോഴുമെനിക്കു തോന്നിയിട്ടുണ്ട്.

ചാലക്കുടിയിലായിരുന്നു ആ ടൂർണമെൻറ്. സിനിമാ നടി റാണിചന്ദ്രയായിരുന്നു സമ്മാനദാനം ചെയ്യേണ്ടിയിരുന്നത്. നിർഭാഗ്യവശാൽ, അതിനും ഒരാഴ്ച്ച മുൻപാണ്, വിമാനാപകടത്തിൽ അവർ മരിച്ചത്. എഴുത്തുകാരനും അദ്ധ്യാപകനുമായിരുന്ന ചുമ്മാർ ചൂണ്ടൽ ആയിരുന്നു സമ്മാനദാനം നിർവ്വഹിച്ചത്.


റാണിചന്ദ്ര


ചുമ്മാർ ചൂണ്ടൽ

അങ്ങനെ, കുറച്ചു കാലം കൂടി നാട്ടിൽ ചെസ്സുമായി നടന്നു. പിന്നീട്, നാല്പത് കൊല്ലത്തോളം കേരളത്തിനു പുറത്തായിരുന്നു. അവിടെ, കളി തുടരാനുള്ള സാഹചര്യം ഇല്ലായിരുന്നുവെന്നു പറയാം. കൂടെയുള്ളവർക്കു ചെസ്സിലൊന്നും താല്പര്യമില്ല. വല്ലപ്പോഴുമുള്ള നാട്ടിൽ വരവുകളിലും കഴിയാറില്ല.

ചെസ്സിനെ പിരിഞ്ഞ നീണ്ടവർഷങ്ങൾ... നാട്ടിൽ സ്ഥിരമാക്കിയിട്ട് ഏഴ് വർഷം. ഈയിടെയാണു ചെസ്സിലേക്കു മടങ്ങി വരുവാൻ സാധിച്ചത്. രണ്ട് മാസങ്ങൾക്കു മുൻപ്, എന്റെ പേരക്കുട്ടികളായ സാവിയോയ്ക്കും സാഞ്ചിയോയ്ക്കുമൊപ്പം കൊടാലിയിൽ ഒരു സ്റ്റേറ്റ് ടൂർണമെൻറിൽ പങ്കെടുത്തു. അതിൽ, കുട്ടികളുടെ ഗണ്യമായ പ്രാധിനിത്യം കണ്ടപ്പോൾ അതിയായ സന്തോഷം തോന്നി. സാവിയോയ്ക്കു പതിനഞ്ചും സാഞ്ചിയോയ്ക്ക്. എട്ടുമാണു വയസ്. കാലമെത്ര മാറിപ്പോയി... കുട്ടികളും! അവരിന്നെത്ര വേഗമാണ്, മന്ത്രികതയിലാണ്, ചെസ്സിലേക്ക് ആഴുന്നത്. പണ്ടത്തെപോലെയല്ല; ഇന്ന്, ബഹുഭൂരിപക്ഷം രക്ഷിതാക്കളും കുട്ടികൾക്കൊപ്പമാണ്. പഠിപ്പിലായാലും കളിയിലായാലും ഇതര ആക്റ്റിവിറ്റീസുകയായാലും രക്ഷിതാക്കൾ അവരുടെ അഭിരുചികളെ മാനിക്കുന്നു; പ്രോത്സാഹിപ്പിക്കുന്നു.

കോടാലിയിൽ നടന്ന ആ ടൂർണമെൻറിൽ, ഏഴ് റൗണ്ട് കളിയിൽ മൂന്ന് കളിയാണു ജയിക്കാൻ കഴിഞ്ഞത്. ക്ലാസിക്കിൽനിന്നും റാപ്പിഡിലേക്കു ചെസ്സ് വളർന്നപ്പോൾ ഒപ്പം നീന്താൻ കഴിയാതിരുന്നതിനാലുള്ള ദുര്യോഗം; കടന്നാക്രമണവഴികൾ കൈമോശം സംഭവിച്ചതിൻറെ പരിണതഫലം. പണ്ട്, തോല്‌വി അറിയാത്ത നാളുകളായിരുന്നു. അതിൻറെ ഒരു ഇച്ഛാഭംഗം ഉള്ളിലുണർന്നെങ്കിലും അതിനെ അതിജീവിക്കാനും പെട്ടെന്നു കഴിഞ്ഞു.

ഇന്ന്, റാപ്പിഡ്/ ബ്ലിട്സ് കാലഘട്ടമാണ്. അതൊരു ട്വൻറി ട്വൻറി ക്രിക്കറ്റ് മാച്ച്പോലെയാണ്. ക്ലോക്കിനുമുൻപിൽ, പതിനഞ്ച് മിനിറ്റും ബോണസ് ടൈമും. നമ്മുടെ കഴിവിനനുസരിച്ച് ആലോചിക്കാനോ മൂവ്മെൻറുകൾ അനലൈസിസ് ചെയ്യാനോ സമയമില്ല. ഒരേസമയം ചെസ്സ് ബോർഡിലും ക്ലോക്കിലും ശ്രദ്ധിക്കണം. തെറ്റായാലും ശരിയായാലും ഓരോ മൂവും പെട്ടെന്നു നടത്തണം. പലപ്പോഴും നല്ല കളിക്കാർ പോലും അടിയറവ് പറയുന്നതും അതുകൊണ്ടാണ്. തിടുക്കപ്പെട്ടുള്ള കരുനീക്കങ്ങൾ... കളി തുടങ്ങും മുൻപേ തുടങ്ങുന്ന ടെൻഷൻ...

എങ്കിലും, അതിവേഗം സഞ്ചരിച്ചുകൊണ്ടിരിക്കുന്ന തലമുറയ്ക്കൊപ്പം ചലിക്കണമെങ്കിൽ, അവരുടെ കാലത്തിനൊപ്പംതന്നെ നടന്നല്ലേ പറ്റൂ!

പതിറ്റാണ്ടുകളായി ശങ്കരയ്യ റോഡ് ദേശം ഈ കളിയെ നെഞ്ചേറ്റി വരുന്നു. ഒരു ചെസ്സ് കളിക്കാരൻ എന്ന നിലയിൽ അതിൽ അതിയായ സന്തോഷമുണ്ട്. ചെസ്സിനു വേണ്ടി പണ്ടത്തേക്കാൾ കൂടുതൽ ശ്രമങ്ങൾ നമ്മുടെ നാട്ടിൽ ഇപ്പോൾ നടക്കുന്നുണ്ട്.

ശങ്കരയ്യ റോഡ് സമ്മർ ചെസ്സ് ടൂർണമെൻറിന് എന്റെ എല്ലാ ഭാവുകങ്ങളും...

വർഗീസ് തോമസ് ചിറ്റിലപ്പിള്ളി,
കൊടകര-7736211958





# വാർത്ത

2002. ഒമ്പതാമത് ത്രിദിന പൂജാ ചെസ്സ് ടൂണമെന്റ് വി.വി. രാഘവൻ എംപി. ഉദ്ഘാടനം ചെയ്യുന്നു. ബി.എസ്.സി. സൈക്കോളജിയിൽ ഒന്നാം റാങ്ക് നേടിയ, ശങ്കരയ്യ റോഡിലെ കൊടിയൻ മൈക്കിൾ മകൾ നിമ്മി മൈക്കിളിന് റെഡ് സ്റ്റാർ ക്ലബ്ബിന്റെ പുരസ്കാരം എംപി. സമ്മാനിച്ചു.

ടൂർണമെന്റിൽ, പി.കെ. സുരേഷ് ചാമ്പ്യനായി. ചെസ്സ് അസോസിയേഷൻ ജില്ലാ സെക്രട്ടറി എം.ഒ. വർക്കി സമ്മാനദാനം നിർവ്വഹിച്ചു. റെഡ് സ്റ്റാർ ക്ലബ്ബ് പ്രസിഡന്റ് കെ.ബി. സുനിൽ കുമാർ അദ്ധ്യക്ഷത വഹിച്ചു.

2001. എട്ടാമത് പൂജാ ചെസ്സ് ടൂണമെന്റ് ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറി ഡി. ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു. റെഡ് സ്റ്റാർ ക്ലബ്ബ് പ്രസിഡന്റ് കെ.ബി. സുനിൽകുമാർ അദ്ധ്യക്ഷത വഹിച്ചു.









ശങ്കരയ്യറോഡ് റെഡ്സ്റ്റാർ ക്ലബിന്റെ ചെസ് ടൂർണമെന്റ് ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറി ഡോ. ഡി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു

## ചെസ് ടൂർണമെന്റ്

തൃശൂർ: ശങ്കരയ്യറോഡ് റെഡ്സ്റ്റാർ ക്ലബിന്റെ ആഭിമുഖ്യത്തിൽ നടന്നുന്ന എട്ടാമത് ജില്ലാതല ചെസ് ടൂർണമെന്റ് സ്പോർട്സ് കൗൺസിൽ ജില്ലാസെക്രട്ടറി ഡോ. ഡി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ക്ലബ് പ്രസിഡണ്ട് കെ ബി സുനിൽകുമാർ അധ്യക്ഷനായിരുന്നു.

ദീപിക - oct 14 - 02



## ജില്ലാ ചെസ് ടൂർണമെന്റ് തുടങ്ങി




തൃശൂർ റെഡ് സ്റ്റാർ ക്ലബ് സംഘടിപ്പിക്കുന്ന ജില്ലാ ചെസ് ടൂർണമെന്റിന്റെ ഉദ്ഘാടനം ആദ്യനീക്കം നടത്തി വി.വി.രാഘവൻ എം.പി. നിർവഹിക്കുന്നു

### ജില്ലാ ചെസ് ടൂർണമെന്റ് സമാപിച്ചു

### ചെസ് ടൂർണമെന്റ് തുടങ്ങി

### ജില്ലാ ചെസ് ടൂർണമെന്റ്



### പരിപാടികൾ ഇന്ന്



ശങ്കരയ്യർ റോഡ് റെഡ്സ്റ്റാർ ക്ലബിന്റെ ത്രിദിന ജില്ലാതല പൂജാ ചെസ് ടൂർണമെന്റിൽ സീനിയർ വിഭാഗത്തിൽ ചാമ്പ്യനായ പി.കെ. സുരേഷിന് ജില്ലാ ചെസ് അസോസിയേഷൻ സെക്രട്ടറി എം.ഒ. വർക്കി അവാർഡ് നൽകുന്നു



മംഗളം - oct - 16 - 02

സ്റ്റേറ്റ് ലെവൽ
ശങ്കരയ്യ റോഡ്
അമച്വർ ചെസ്സ്
ടൂർണമെന്റ്
28-April-2024
SSCT
Digital Film Makers' Forum 598/IV/2010
Journal Vol- 1
എഴുത്തുമുറി

## കവിത





# ഉട്ടോപ്യയിലെ രാജാവ്

കറുപ്പും വെളുപ്പും ഇടകലർന്ന കള്ളികൾ;
കുരുക്ഷേത്രയിലെ കളംപോലെ;
അച്യുതമൈതാനം!

വെളുത്ത നിറമുള്ള മനുഷ്യർ;
കറുത്ത നിറമുള്ള മനുഷ്യർ;
കറുപ്പിലും വെളുപ്പിലും
കുതിരകൾ, ആനകൾ, രഥങ്ങൾ.

രണ്ടറ്റത്തും
ജാഗ്രൂകരായ മന്ത്രിമാർ;
ശങ്ക തീണ്ടാതെ, ഗർവ്വോടെ
രാജാക്കന്മാർ,
'അദൃശ്യരായ സേനാധിപരിലുള്ള
അന്ധമായ വിശ്വാസം!'

ചിലപ്പോളയാൾ,
വെളുത്ത മനുഷ്യനാകും.
ചിലപ്പോൾ കറുത്തവനും.
ഏതായാലും
പടതന്നെ കാര്യം!

ചലനാത്മകമാകുന്ന പടക്കളം;
ഒരു സേനാധിപൻ, 'അയാൾ';
മറ്റേ ആൾ, 'ആ... ആരോ...',
അയാൾക്കു നിശ്ചയമുണ്ടാകില്ല;
അയാൾക്കതറിയേണ്ട കാര്യമില്ല.
കരുക്കൾ
കുതിക്കാനൊരുങ്ങുമ്പോളയാൾ
പുരയെ മറക്കും;
പിന്നെയല്ലേ, മുന്നിലെ ആളെ!

സൂര്യൻ
കിഴക്കോ? പടിഞ്ഞാറോ?
കിഴക്കായാലെന്ത്;
പടിഞ്ഞാറായാലെന്ത്,
അയാൾക്കതുമറിയേണ്ടതില്ല.

കുറുകിയ തടി;
കുനുകുനാ നടത്തം.
അയാളൊരിടത്തിരിക്കുമ്പോൾ
അതാണ്,
ആ നാട്ടിലെ കുരുക്ഷേത്രം!

ചുമലിൽ,
പഴയൊരു തോർത്ത്.
അഴികളിൽ, 'കറുപ്പും വെളുപ്പും'
തേച്ചതിന്റെ; ചുമരിൽ,
കുമ്മായമിട്ടതിന്റെ
വള്ളികളും പുള്ളികളും ഗന്ധവുമുള്ള,
മുഷിഞ്ഞ തോർത്ത്!
അരയ്ക്കുക്കീപ്പോട്ട്,
മുക്കാലിഞ്ചിറക്കത്തിൽ ലുങ്കി;
അരയ്ക്കു മേലോട്ട്, ശൂന്യത!

മടിക്കുത്തിലൊരുക്കെട്ടു
മഞ്ഞ കാജാ, തീപ്പെട്ടി.
കത്തിച്ചതു കെട്ടതോ;
കത്തിക്കാൻ മറന്നതോ,
ഒരു ബീഡിമണം
ചെകിടിൽ സ്ഥിരതാമസം.

ചുണ്ടിലെരിയുന്ന ബീഡിയേക്കാൾ
ചൂണ്ടാണിക്കിടയിൽ ഞെരിയുന്ന
ബീഡിക്കുറ്റിയാണ്,
എതിരാളിയെ
ഞെരിപ്പിരിക്കൊള്ളിക്കാറുള്ളത്.

അയാളുടെ സൂര്യൻ
ഉദിച്ചിരുന്നതും അസ്തമിച്ചിരുന്നതും
അവിടെയായിരുന്നു;
അയാളുദിച്ചതും അസ്തമിച്ചതും
ആ നാട്ടിലായിരുന്നു,
ശങ്കരയ്യ റോഡിൽ;
ചതുരംഗചേകവരുടെ സ്വപ്നഭൂമിയിൽ!

'ജയം...',
അങ്ങനെയൊന്നൊന്നില്ലായിരുന്നു,
അയാൾക്ക്;
രണ്ടായാലും,
ഒരേ നിറമുള്ള
ഒരു കരുവായിരുന്നു അയാൾ;
ആരും പഠിച്ചു പോകുന്ന,
ആരെയും പഠിപ്പിക്കാത്ത
ഗുരുവായിരുന്നു!

അയാളുടെയുള്ളിൽ
വരഞ്ഞുക്കിടന്നിരുന്ന
കള്ളികളിലെ പോരുകളിലൂടെ
ഊർന്നിറങ്ങിയ പടയോട്ടക്കാർക്കയാൾ
രാജാവായിരുന്നു;
അവരുടെ രാജാവ്!
'ഉട്ടോപ്യയിലെ രാജാവ്!!'
കളപ്പുരയ്ക്കൽ വാസു!!!

സതീഷ് കളത്തിൽ








സുബിൻ. കെ. എസ്സ്, പി. ഡി. സിജിൽ, ഇ. എം. വിദുരർ എന്നിവർ ഉദ്ഘാടനത്തിനോടനുബന്ധിച്ചു വെടിക്കെട്ട് ഒരുക്കുന്നു.

സുജിത് ആലുങ്ങൽ രെജിസ്ട്രേഷൻ ചാർട്ട് ഒരുക്കുന്നു.



കെ. എൻ. അനിൽകുമാർ, ക്ലബ്ബ് സെക്രട്ടറി സ്വാഗതം പറയുന്നു.



സതീഷ് കളത്തിൽ, ക്ലബ്ബ് പ്രസിഡന്റ് അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു.



തയ്യിൽ രാധാകൃഷ്ണൻ, നോവലിസ്റ്റ് ഉദ്ഘടന പ്രസംഗം നടത്തുന്നു.



തയ്യിൽ രാധാകൃഷ്ണൻ( Late) ടൂർണമെന്റ് ഉദ്ഘാടനം ചെയ്യുന്നു.



പി. ജി. മനോജ്, ക്ലബ്ബ് ട്രഷറർ നന്ദി പറയുന്നു.



ഓഡിയൻസ്



പത്താമത് പൂജാ ചെസ്സ് ടൂർണമെന്റിൽ ചാമ്പ്യനായ എ. അബ്ദുൾ ഖാദറിന് റെഡ് സ്റ്റാർ ക്ലബ്ബ് പ്രസിഡന്റ് സതീഷ് കളത്തിൽ അവാർഡ് സമ്മാനിക്കുന്നു.

എം. എ. ജോയ് ലാസർ രണ്ടാം സ്ഥാനവും പി. വി. സന്തോഷ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഇ. എം. വിദുരർ ബെസ്റ്റ് ലോക്കൽ പ്ലെയർ അവാർഡും കെ. എസ്. സുധീപൻ ബെസ്റ്റ് ചിൽഡ്രൻസ് അവാർഡും കരസ്ഥമാക്കി.



























പി. വി. സന്തോഷ്, എം. എ. ജോയ് ലാസർ എന്നിവർ അവാർഡ് സ്വീകരിക്കുന്നു. രമണൻ കളപ്പുരയ്ക്കൽ, സുജിത് ആലുങ്ങൽ എന്നിവർ സമീപം.

ഇ. എം. വിദുരർക്ക് ബെസ്റ്റ് ലോക്കൽ പ്ലെയർ അവാർഡും കെ. എസ്. സുധീപന് ബെസ്റ്റ് ചിൽഡ്രൻസ് അവാർഡും സതീഷ് കളത്തിൽ സമ്മാനിക്കുന്നു.








വിജയികൾ സതീഷ് കളത്തിലിനൊപ്പം




ഗോൾഡ് കോയിൻസ് പർച്ചെയ്സ്ഡ് ഫ്രം




Chungath Jewellery
WHOLESALE & RETAIL

പാലസ് റോഡ്, തൃശ്ശൂർ
Ph: 9072611771/72

SHOWROOMS ALSO AT
MG ROAD, THRISSUR | IRINJALAKUDA | CHALAKDY

OPEN ON SUNDAYS
SHOP ONLINE @ www.mychungath.com
OPEN ON SUNDAYS | SHOP ONLINE @ www.mychungath.com